മി. സ്പീക്കർ: ഓർഡർ... ഓർഡർ... ചോദ്യം നമ്പർ (*61 )

മത്സ്യത്തൊഴിലാളി ഗ്രൂപ്പ് ഇൻഷ്വറൻസ്

1(*61) ശ്രീ. പി. നന്ദകുമാർ:
ശ്രീ. എം. നൗഷാദ്:
ശ്രീ. എം. വിജിൻ:
ശ്രീമതി ഒ. എസ്. അംബിക: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളി ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി എത്രത്തോളം പ്രയോജനകരമാകുന്നുവെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിപ്രകാരം ഇൻഷ്വറൻസ് പരിരക്ഷയിൽ ഉൾപ്പെട്ടിട്ടുള്ള മത്സ്യത്തൊഴിലാളികളുടെ എണ്ണം എത്രയാണെന്നറിയിക്കുമോ;

(സി) മത്സ്യത്തൊഴിലാളി ഗ്രൂപ്പ് ഇൻഷ്വറൻസിൽ എഫ്.ഐ.എം.എസ്. രജിസ്ട്രേഷൻ അനുസരിച്ച് മത്സ്യത്തൊഴിലാളി ലിസ്റ്റ് ഉൾപ്പെടുത്തുമ്പോൾ മസ്റ്ററിംഗ് നടത്തിയാണോ പോളിസി വിഹിതം ഒടുക്കുന്നതെന്ന് വ്യക്തമാക്കുമോ?

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, (എ) ഉണ്ട്. പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ കുടുംബ ഭദ്രത ഉറപ്പുവരുത്തുന്നതിനുവേണ്ടി ഫിഷറീസ് വകുപ്പ് കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡുവഴി നടപ്പാക്കിവരുന്ന പദ്ധതിയാണിത്. കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വമുള്ള എല്ലാ മത്സ്യത്തൊഴിലാളികളെയും ഈ പദ്ധതി പ്രകാരം ഇൻഷ്വർ ചെയ്തിട്ടുണ്ട്. ഇൻഷ്വറൻസ് പ്രീമിയം പൂർണ്ണമായും സർക്കാർ വഹിക്കുന്നു. ഇൻഷ്വറൻസ് പ്രീമിയമായി പ്രത്യേകം തുകയൊന്നും ഗുണഭോക്താക്കളിൽനിന്ന് ഈടാക്കുന്നില്ലെന്നതാണ് ഈ പദ്ധതിയുടെ പ്രത്യേകത. കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വമുള്ള എല്ലാ മത്സ്യത്തൊഴിലാളികൾക്കും ആശ്രിതർക്കും ഇൻഷ്വറൻസ് തുക ലഭ്യമാകുന്നതുകൊണ്ട് കുടുംബത്തിന്റെ സാമ്പത്തിക ഭദ്രത ഉറപ്പാക്കുന്നതിനും ഈ പദ്ധതി നടപ്പാക്കുന്നതിലൂടെ കഴിയുന്നു.

മേൽ പദ്ധതിപ്രകാരം, അപകടമരണത്തിന് 10 ലക്ഷം രൂപയും മത്സ്യബന്ധനവേളയിൽ അപകടംമൂലം കാണാതായാൽ 10 ലക്ഷം രൂപയും സ്ഥിരവും പൂർണ്ണവുമായ അവശതയ്ക്ക് 10 ലക്ഷം രൂപയും സ്ഥിരവും

ഭാഗികവുമായ അവശതയ്ക്ക് 5 ലക്ഷം രൂപയും അപകട മരണമടഞ്ഞ മത്സ്യത്തൊഴിലാളിയുടെ 2 കുട്ടികൾക്ക് ഒരാൾക്ക് 5000 രൂപ വീതം പരമാവധി 10,000 രൂപ വിദ്യാഭ്യാസ ധനസഹായവും അപകടംമൂലം 24 മണിക്കൂറിലധികം ആശുപത്രി ചികിത്സവേണ്ടി വരുന്നവർക്ക് പരമാവധി 25,000 രൂപയും ശവസംസ്കാരച്ചെലവിന് 2,500 രൂപയും ധനസഹായമായി നൽകുന്നു.

കൂടാതെ മത്സ്യത്തൊഴിലാളികൾക്കായി വ്യക്തിഗത ഗ്രൂപ്പ് അപകട ഇൻഷ്വറൻസ് പദ്ധതിയും മത്സ്യഫെഡ് മുഖേന നടപ്പാക്കിവരുന്നു. 2024-25 വർഷത്തിൽ മത്സ്യത്തൊഴിലാളി വ്യക്തിഗത ഗ്രൂപ്പ് അപകട ഇൻഷ്വറൻസ് പദ്ധതിപ്രകാരം 509 രൂപ പ്രീമിയം തുക അടച്ച് ഈ പദ്ധതിയിൽ അംഗങ്ങളാകുന്ന മത്സ്യത്തൊഴിലാളികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കും. അപകട മരണത്തിനും അപകടംമൂലം സ്ഥിരമായ പൂർണ്ണ അംഗവൈകല്യത്തിനും 10 ലക്ഷം രൂപയുടെ (പത്ത് ലക്ഷം രൂപ) പരിരക്ഷ നൽകുന്നതിനുള്ള പദ്ധതിയാണ് നടപ്പാക്കിവരുന്നത്.

കൂടാതെ ടി പദ്ധതിയിൽ മരണാനന്തര ചടങ്ങുകൾക്കായി 5000 രൂപയും (അയ്യായിരം രൂപ), മരിച്ച മത്സ്യത്തൊഴിലാളിയുടെ മക്കൾക്ക്

വിദ്യാഭ്യാസ ധനസഹായമായി പരമാവധി 1,00,000 രൂപയും (ഒരുലക്ഷം രൂപ) വ്യവസ്ഥകൾക്ക് വിധേയമായി നൽകുന്നതാണ്. അംഗവൈകല്യം സംഭവിക്കുന്നവർക്ക് അംഗ വൈകല്യത്തിന്റെ തോതനുസരിച്ച് പരമാവധി പത്ത് ലക്ഷം രൂപവരെ ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കും.

(ബി) 2024-25 വർഷത്തെ ഗ്രൂപ്പ് ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതി പ്രകാരം 18-12-2024 മുതൽ ഒരു വർഷത്തേയ്ക്ക് 2,26,093 മത്സ്യത്തൊഴിലാളികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്തിയിട്ടുണ്ട്.

കൂടാതെ മത്സ്യഫെഡ് നടപ്പാക്കുന്ന 2024-25 ഇൻഷ്വറൻസ് പദ്ധതിയിൽ 99,760 മത്സ്യത്തൊഴിലാളികൾ അംഗങ്ങളായിട്ടുണ്ട്.

(സി) കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ മത്സ്യത്തൊഴിലാളി പട്ടികയിലും അനുബന്ധത്തൊഴിലാളി പട്ടികയിലും ഉൾപ്പെട്ടിട്ടുള്ള എല്ലാവർക്കും മസ്റ്ററിങ് നടത്താതെ ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതിപ്രകാരം പോളിസി വിഹിതം ഒടുക്കിവരുന്നുണ്ട്.

മത്സ്യഫെഡിന്റെ കീഴിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രാഥമിക മത്സ്യത്തൊഴിലാളി സംഘങ്ങളിലെ അംഗങ്ങളെയാണ് മത്സ്യത്തൊഴിലാളി

വ്യക്തിഗത ഗ്രൂപ്പ് അപകട ഇൻഷ്വറൻസ് പദ്ധതിയിൽ മത്സ്യഫെഡ് മുഖേന ഉൾപ്പെടുത്തുന്നത്.

ശ്രീ. പി. നന്ദകുമാർ: സർ, മത്സ്യത്തൊഴിലാളി മേഖലയിൽ സർക്കാർ നടത്തുന്ന ഇടപെടലിനെ ഞാൻ അഭിനന്ദിക്കുകയാണ്. മത്സ്യത്തൊഴിലാളി ഗ്രൂപ്പ് ഇൻഷ്വറൻസ് ക്ലെയിം ലഭിക്കണമെങ്കിൽ അപകടത്തിൽമരണപ്പെട്ട തൊഴിലാളികളുടെ മൃതശരീരം ലഭ്യമാകണം. പലപ്പോഴും അത് ലഭ്യമാകാറില്ല. ആവശ്യമായ രേഖകളുണ്ടെങ്കിലും മൃതശരീരം ലഭ്യമാകാത്തതിനാൽ അവർക്ക് ആനുകൂല്യം ലഭിക്കുന്നില്ല. അതിനാൽ അവർക്കുകൂടി ആനുകൂല്യം ലഭ്യമാക്കാനാവശ്യമായ ഇടപെടൽ നടത്തുമോ?

ശ്രീ. സജി ചെറിയാൻ: സർ, നമ്മുടെ ഗവൺമെന്റ് വന്നതിനുശേഷം ഇക്കാര്യത്തിൽ ആവശ്യമായ ഇടപെടൽ നടത്തിയിട്ടുണ്ട്. കേന്ദ്രനിയമത്തിന്റെ ഭാഗമായി 7 വർഷം കഴിയാതെ ആനുകൂല്യം നൽകാൻ ഇൻഷ്വറൻസ് കമ്പനി തയ്യാറാകുന്നില്ല. ഇക്കാര്യം കേന്ദ്രഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയെങ്കിലും ഇത് അനുവദിക്കാനോ നിയമം ഭേദഗതി ചെയ്യാനോ സാധിക്കില്ലെന്നുള്ള വിവരം കേന്ദ്രഗവൺമെന്റ് അറിയിച്ചിട്ടുണ്ട്.

പ്രസ്തുത പ്രശ്നം എങ്ങനെ പരിഹരിക്കാൻ സാധിക്കുമെന്നതിനെക്കുറിച്ച് സംസ്ഥാന ഗവൺമെന്റ് ആലോചിക്കുന്നുണ്ട്.

ശ്രീ. പി. നന്ദകുമാർ: സർ, നിലവിൽ മത്സ്യത്തൊഴിലാളികൾക്ക് ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുന്ന അതേ മാതൃകയിൽ അനുബന്ധത്തൊഴിലാളികൾക്കും മത്സ്യത്തൊഴിലാളി ബോർഡുവഴി ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുന്നുണ്ടോ?

ശ്രീ. സജി ചെറിയാൻ: സർ, അനുബന്ധത്തൊഴിലാളികൾ അപകടത്തിൽ മരണപ്പെട്ടാൽ 10 ലക്ഷം രൂപ ധനസഹായം ലഭിക്കുന്ന പദ്ധതി നടപ്പാക്കുന്നുണ്ട്. ഇതിന്റെ തുക മുഴുവൻ സംസ്ഥാന സർക്കാരാണ് വഹിക്കുന്നത്. അതിന്റെ ഭാഗമായി 77431 അനുബന്ധത്തൊഴിലാളികൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നുണ്ട്.

ശ്രീ. എം. നൗഷാദ്: സർ, പീലിങ് ഷെഡ്ഡിൽ പണിയെടുക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് മത്സ്യത്തൊഴിലാളി ഗ്രൂപ്പ് അപകട ഇൻഷ്വറൻസിൽനിന്നുള്ള ആനുകൂല്യം ലഭ്യമാകുമോ; അതോടൊപ്പം ഇവർക്ക് പ്രത്യേക ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

<u>ശ്രീ. സജി ചെറിയാൻ</u>: സർ, വളരെ പ്രസക്തമായ ചോദ്യമാണ് ബഹുമാനപ്പെട്ട അംഗം ചോദിച്ചത്. അനുബന്ധത്തൊഴിലാളി വിഭാഗത്തിൽ ഉൾപ്പെട്ടിട്ടുള്ള പീലിങ് തൊഴിലാളികൾക്ക് അപകട മരണത്തിനും സ്ഥിരവും പൂർണ്ണവുമായ അവശതയ്ക്കും 10 ലക്ഷം രൂപയും ഭാഗികമായ അവശതയ്ക്ക് 5 ലക്ഷം രൂപയും ലഭിക്കുന്ന വിധത്തിലുള്ള പദ്ധതി നടപ്പാക്കി വരുന്നുണ്ട്. ഇവരെ സംബന്ധിച്ചിടത്തോളം മതിയായ സൗകര്യങ്ങളില്ലാത്ത സാഹചര്യത്തിൽ കൂടുതൽ സമയം നിന്ന് ജോലി ചെയ്യുന്നതുകൊണ്ട് ധാരാളം ആരോഗ്യപ്രശ്നങ്ങളുണ്ടാകുന്നുണ്ട്. അത് മനസ്സിലാക്കി സംസ്ഥാന ഗവൺമെന്റ് ഒരു ആരോഗ്യ സുരക്ഷാ പദ്ധതിയെക്കുറിച്ച് ഇപ്പോൾ ആലോചിക്കുന്ന കാര്യം സഭയെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

<u>ശ്രീ. എം. വിജിൻ</u>: സർ, 2021-22, 2022-23 വർഷങ്ങളിൽ നടപ്പാക്കിയ ഗ്രൂപ്പ് ഇൻഷ്വറൻസ് വഴി എത്ര മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്കാണ് ഇൻഷ്വറൻസ് ലഭിച്ചത്; എത്ര തുകയാണ് സർക്കാർ മത്സ്യത്തൊഴിലാളികൾക്കായി നൽകിയത്?

<u>ശ്രീ. സജി ചെറിയാൻ</u>: സർ, മരണപ്പെട്ട മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് ഇൻഷ്വറൻസ് തുകയായി 2021-22-ൽ 107 പേർക്ക് 10.76

കോടി രൂപയും 2022-23-ൽ 97 പേർക്ക് 9.71 കോടി രൂപയും അനുവദിച്ചിട്ടുണ്ട്.

ശ്രീമതി ഒ. എസ്. അംബിക: സർ, എത്ര മത്സ്യത്തൊഴിലാളികൾക്കുവേണ്ടിയാണ് ഇൻഷ്വറൻസ് തുക ചെലവഴിച്ചത്; ചെലവഴിച്ച തുകയുടെ വിശദവിവരം നൽകുമോ?

ശ്രീ. സജി ചെറിയാൻ: സർ, 2021-22 വർഷം 240867 മത്സ്യത്തൊഴിലാളികൾക്കായി 10.24 കോടി രൂപയും 2022-23 വർഷം 240974 മത്സ്യത്തൊഴിലാളികൾക്കായി 13.66 കോടി രൂപയും 2023-24 വർഷം 236992 മത്സ്യത്തൊഴിലാളികൾക്കായി 11.99 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്.

ശ്രീമതി കെ. കെ. രമ: സർ, നിലവിലുള്ള ഇൻഷ്വറൻസ് പദ്ധതി എല്ലാ മത്സ്യത്തൊഴിലാളികൾക്കും ഒരുപോലെ ലഭ്യമാകുന്നില്ല. ചില നിബന്ധനകൾ അതിനകത്ത് ബുദ്ധിമുട്ട് സൃഷ്ടിക്കുന്നുണ്ട്. കടലിൽവച്ച് ഹൃദയാഘാതംമൂലം മരണപ്പെടുന്ന തൊഴിലാളികൾക്ക് ഇൻഷ്വറൻസ് ലഭിക്കില്ല. ഡോക്ടർ ഹൃദയാഘാതമാണെന്ന് സർട്ടിഫൈ ചെയ്തുകഴിഞ്ഞാൽ ഒരു തരത്തിലുള്ള ആനുകൂല്യങ്ങളും ലഭ്യമാകുന്നില്ല. കരയിൽ വച്ച് ഇത്തരം

രോഗങ്ങളുണ്ടാകുകയാണെങ്കിൽ ആശുപത്രിയിലെത്തിക്കാൻ സാധിക്കും. പക്ഷേ മത്സ്യബന്ധനത്തിനായി കടലിൽപോയ തൊഴിലാളികൾക്ക് കടലിൽവച്ച് ഇത്തരത്തിലുള്ള പ്രശ്നങ്ങളുണ്ടാകുമ്പോൾ ഹോസ്പിറ്റലിൽ എത്തിക്കാൻ പോലും സാധിക്കുന്നില്ല. അതിനാൽ ഇത്തരം തൊഴിലാളികൾക്ക് കടലിൽവച്ചുണ്ടാകുന്ന എല്ലാത്തരം മരണങ്ങൾക്കും ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ സർക്കാർ തയ്യാറാകുമോ?

ശ്രീ. സജി ചെറിയാൻ: സർ, ഇൻഷ്വറൻസ് കമ്പനി അതിന് തയ്യാറാകുന്നില്ല. ഈ ഗവൺമെന്റ് വന്നതിനുശേഷം പല ഘട്ടങ്ങളിലായി അവരുമായി ചർച്ച ചെയ്തെങ്കിലും ഹാർട്ട് അറ്റാക്ക് അടക്കമുള്ള ചില അപകട മരണങ്ങൾക്ക് തുക നൽകാൻ അവർ തയ്യാറല്ല. അതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മുൻകൈയെടുത്ത് അത്തരം മരണങ്ങൾക്ക് പ്രത്യേക ധനസഹായം വഴി 5 ലക്ഷം രൂപ അനുവദിച്ച് നൽകുന്നുണ്ട്.

ശ്രീമതി കാനത്തിൽ ജമീല: സർ, എന്റെ ചോദ്യവും ഇതുതന്നെയാണ്. മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനത്തിനിടെ സംഭവിക്കുന്ന സ്വാഭാവിക മരണത്തിന് ഇൻഷ്വറൻസ് ബാധകമാണോ;

മത്സ്യത്തൊഴിലാളി ഗ്രൂപ്പ് ഇൻഷ്വറൻസിന് അടയ്ക്കേണ്ട പ്രീമിയം നിശ്ചയിച്ചിട്ടുണ്ടോ?

ശ്രീ. സജി ചെറിയാൻ: സർ, കേരളത്തിലാണ് ഇന്ത്യയ്ക്ക് മാതൃകയായ രണ്ട് പദ്ധതികളുള്ളത്. ഒന്ന്, ക്ഷേമനിധി ബോർഡ് വഴി മത്സ്യത്തൊഴിലാളി ഒരു പൈസപോലും മുടക്കാതെ മുഴുവൻ ഇൻഷ്വറൻസ് പ്രീമിയവും സംസ്ഥാന ഗവൺമെന്റ് നൽകും. രണ്ടാമത്തേത്, മത്സ്യഫെഡ് വഴി നടപ്പാക്കുന്ന 10 ലക്ഷം രൂപയുടെ ഇൻഷ്വറൻസിന്റെ പ്രീമിയമായ 509 രൂപയും കഴിഞ്ഞ വർഷം നൽകിയിട്ടുണ്ട്. അങ്ങനെ ഇതിൽ അംഗമാകുന്നവർക്ക് 20 ലക്ഷം രൂപ കൃത്യമായി ലഭിക്കും. അതിൽ യാതൊരു ബുദ്ധിമുട്ടുമില്ല. പക്ഷെ ഇവിടെ സൂചിപ്പിച്ച ചില പ്രശ്നങ്ങളുണ്ട്. ഹാർട്ട് അറ്റാക്ക് ഉൾപ്പെടെയുള്ള ചില പ്രയാസങ്ങളുടെ ഭാഗമായി മരണപ്പെട്ടാൽ അതിന് ഇൻഷ്വറൻസ് കമ്പനി പണം നൽകാതെ പോകുന്നുണ്ട്. ഇത്തരം ഘട്ടങ്ങളിൽ സർക്കാരിന്റെ പ്രത്യേക ധനസഹായമാണ് നൽകാൻ ഉദ്ദേശിക്കുന്നത്.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, മത്സ്യഫെഡ് മുഖേന മത്സ്യത്തൊഴിലാളികൾക്ക് നൽകുന്ന പലിശരഹിത വായ്പയുടെ അടവ് മുടങ്ങിയാൽ പലിശയും പിഴപ്പലിശയും ഈടാക്കുന്ന പ്രവണത അങ്ങയുടെ

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടാകും. തീരദേശ മേഖലയിലെ സ്ഥിതി അങ്ങേയ്ക്ക് അറിയാവുന്നതാണ്. തീരദേശ മേഖലയിൽ വറുതിയും പട്ടിണിയുമാണ്. പലിശരഹിത വായ്പയെന്നുപറഞ്ഞ് മത്സ്യഫെഡ് നൽകുന്ന ഇത്തരം വായ്പകളുടെ തിരിച്ചടവ് മുടങ്ങിയാൽ പരമാവധി ലഘൂകരിച്ച് വായ്പ തിരിച്ചടയ്ക്കാനുള്ള സംവിധാനം ഏർപ്പെടുത്തുമോ?

ശ്രീ. സജി ചെറിയാൻ: സർ, തീരദേശ മേഖലയിൽ വറുതി എന്ന പരാമർശം ബഹുമാനപ്പെട്ട അംഗം ഇവിടെ നടത്തുകയുണ്ടായി. അവിടെ ഒരു വറുതിയുമില്ല. കേരളത്തിന്റെ തീരദേശമേഖല വളരെ സുരക്ഷിതമാണ്. മാത്രമല്ല കേരളത്തിലെ മത്സ്യത്തൊഴിലാളികൾ അതീവ സന്തോഷവാന്മാരുമാണ്. ഈ ഗവൺമെന്റിന്റെ കാലത്ത് നല്ല സഹായങ്ങൾ അവർക്ക് നൽകിയിട്ടുണ്ട്. രണ്ടാമത്തെ കാര്യം അങ്ങ് ചോദിച്ചത്, മത്സ്യഫെഡിന്റെ ഏറ്റവും പ്രധാനപ്പെട്ട ഉത്തരവാദിത്വം അതിന്റെ സഹകരണ സംഘങ്ങൾ വഴിയുള്ള സഹായങ്ങളാണ്. നിയമാനുസൃതമുള്ള എല്ലാ സഹായങ്ങളും കൃത്യമായി മത്സ്യത്തൊഴിലാളികൾക്ക് നൽകുന്നുണ്ട്. അത്തരത്തിൽ ഏതെങ്കിലും കുടിശ്ശിക വരുത്തിയ കേസ് അങ്ങ് പ്രത്യേകമായി ചൂണ്ടിക്കാണിച്ചാൽ അത് മത്സ്യഫെഡിന്റെ

ശ്രദ്ധയിൽപ്പെടുത്തി പരിഹരിക്കാൻ സാധിക്കും.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: സർ, 'പുനർഗേഹം' പദ്ധതിയിൽ മത്സ്യത്തൊഴിലാളികൾക്ക് വീട് വച്ച് നൽകുന്നുണ്ട്. അങ്ങനെ വീട് വച്ച് നൽകാൻ മത്സ്യത്തൊഴിലാളി മേഖലയിൽ ഭൂമി ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിക്കുമോ; എന്റെ നിയോജകമണ്ഡലത്തിലെ ബേക്കലിൽ ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ടുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലുണ്ടോ?

ശ്രീ. സജി ചെറിയാൻ: സർ, 'പുനർഗേഹം പദ്ധതി' അതീവ ഗംഭീരമായി കേരളത്തിൽ ഇപ്പോൾ നടന്നുകൊണ്ടിരിക്കുകയാണ്. അതിന്റെ വിശദാംശങ്ങളിലേക്ക് പോകുന്നില്ല. ഒരു കാര്യം ഞാൻ പറയാം. നമ്മൾ തീരുമാനിക്കപ്പെട്ട പദ്ധതിയുടെ ഭാഗമായി മിക്കവാറും എല്ലാവർക്കും ഭവനം നിർമ്മിച്ച് നൽകാൻ കഴിയുന്ന സ്ഥിതിയിലേയ്ക്ക് കാര്യങ്ങൾ മാറിയിട്ടുണ്ട്. നിലവിൽ 1200-ഓളം ഫ്ലാറ്റുകളുടെ നിർമ്മാണം പൂർത്തീകരണ ഘട്ടത്തിലാണ്. അങ്ങയുടെ നിയോജകമണ്ഡലത്തിലെ വിഷയം ഞാൻ നേരിട്ടുപോയി കണ്ടതാണ്. അവിടെ ഭൂമിയുടെ പ്രശ്നമാണുള്ളത്. ഭൂമി ഏറ്റെടുക്കുന്നതിനായി ബന്ധപ്പെട്ട കളക്ടർക്കും ഉദ്യോഗസ്ഥർക്കും നിർദേശം

നൽകിയെങ്കിലും ഭൂമി ലഭ്യമാകുന്നില്ല. അത് ലഭ്യമാകുന്നമുറയ്ക്ക് അക്കാര്യത്തിൽ തുടർനടപടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാണെന്നുള്ള കാര്യം പറയാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. ടി. ജെ. വിനോദ്: സർ, പരമ്പരാഗത മത്സ്യബന്ധന സമൂഹങ്ങളെ ബ്ലൂ ഇക്കോണമി പ്രതികൂലമായി ബാധിക്കുകയാണ്. ബ്ലൂ ഇക്കോണമി പ്രവർത്തനങ്ങളിൽനിന്നുള്ള മലിനീകരണം, വിനോദസഞ്ചാരം, റിയൽ എസ്റ്റേറ്റ്, വ്യവസായ ആവശ്യങ്ങൾ, തീരപ്രദേശങ്ങളുടെ വികസനം എന്നിവയ്ക്കായി മത്സ്യത്തൊഴിലാളി സമൂഹങ്ങളെ അവരുടെ പൂർവികരുടെ ഭൂമിയിൽനിന്നും തൊഴിലിടങ്ങളിൽനിന്നും അകറ്റുന്നതിനും കുടിയിറക്കുന്നതിനും ഇടയാക്കും. അതിനാൽ ബ്ലൂ ഇക്കോണമിയുടെ പ്രവർത്തനങ്ങളിൽ പ്രതികൂല പ്രത്യാഘാതങ്ങൾ ലഘൂകരിക്കുന്നത് സംബന്ധിച്ച് തീരുമാനമെടുക്കുന്ന പ്രക്രിയയിൽ പരമ്പരാഗത മത്സ്യത്തൊഴിലാളി സമൂഹങ്ങളെ ഉൾപ്പെടുത്താനും അവർക്ക് നഷ്ടപരിഹാരവും സുസ്ഥിരമായ ജീവനോപാധി മാർഗവും കണ്ടെത്താനുള്ള നടപടികൾ സർക്കാർ സ്വീകരിക്കുമോ?

ശ്രീ. സജി ചെറിയാൻ: സർ, കേന്ദ്രഗവൺമെന്റിന്റെ പുതിയ

നയമനുസരിച്ച് ഖനനത്തിന്റെയും ബ്ലൂ ഇക്കോണമിയുടെയും ഭാഗമായുമുള്ള ധാരാളം പ്രയാസങ്ങൾ മത്സ്യമേഖല നേരിടുന്നുണ്ട്. ഇക്കാര്യത്തിൽ സംസ്ഥാന ഗവൺമെന്റിന്റെ എതിർപ്പ് സംബന്ധിച്ചുള്ള കാര്യങ്ങൾ വിശദമായി കേന്ദ്രത്തെ അറിയിച്ചിട്ടുണ്ട്. ബ്ലൂ ഇക്കോണമിയുമായി ബന്ധപ്പെട്ട് വരുന്ന പ്രശ്നങ്ങൾ നമുക്ക് ഒരുമിച്ച് കൂട്ടായ പരിശ്രമത്തിലൂടെ മാത്രമേ ചെറുത്ത് പരാജയപ്പെടുത്താൻ കഴിയുകയുള്ളൂ. എന്തായാലും കടലിനെ ഇത്തരത്തിലുള്ള ഒരു കാര്യത്തിനും തുറന്ന് നൽകാനോ അവയെ ചൂഷണം ചെയ്യാനോ  പാടില്ലെന്നുതന്നെയാണ് ഇടതുപക്ഷമുന്നണി ഗവൺമെന്റിന്റെ നിലപാട്. പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ സംരക്ഷണത്തിനാണ് ഈ ഗവൺമെന്റ് മുൻകൈ നൽകുന്നത്.

<u>ശ്രീ. അൻവർ സാദത്ത്</u>: സർ, കടലിൽനിന്നും മാർക്കറ്റിലെത്തിക്കുന്ന മത്സ്യങ്ങൾ വാങ്ങി സൈക്കിളിലും മോട്ടോർ സൈക്കിളിലും വഴിയോരങ്ങളിലിരുന്നും കച്ചവടം ചെയ്യുന്നവരാണ് യഥാർത്ഥത്തിൽ  മത്സ്യം നമ്മുടെ വീടുകളിലേയ്ക്ക് എത്തിക്കുന്നത്. ഇവരിൽ പലർക്കും അപകടങ്ങളും അപകടമരണങ്ങളും ഉൾപ്പെടെ സംഭവിക്കാറുണ്ട്. അതിനാൽ ഇത്തരത്തിലുള്ള തൊഴിലാളികളെക്കൂടി ഇൻഷ്വറൻസ് സ്കീമിൽ

ഉൾപ്പെടുത്താൻ സാധിക്കുമോ?

ശ്രീ. സജി ചെറിയാൻ: സർ, മത്സ്യത്തൊഴിലാളി ക്ഷേമനിധിവഴി നടപ്പാക്കുന്ന ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതിയിൽ അനുബന്ധ തൊഴിലാളികൾക്കും അംഗമാകാം. അതായത് മത്സ്യത്തൊഴിലാളി ക്ഷേമനിധിയിൽ അംഗത്വമുള്ള എല്ലാവർക്കും ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമാകാം. ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച ചോദ്യം വളരെ പ്രസക്തമാണ്. ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമല്ലാത്ത ഇത്തരത്തിലുള്ള അനുബന്ധ തൊഴിലാളികൾക്ക് അപകടമുണ്ടാകുമ്പോൾ നഷ്ടപരിഹാരം നൽകാൻ സാധിക്കില്ല. അതുകൊണ്ട് കൂട്ടായ ഒരു കാമ്പയിൻ നടത്തി ഇത്തരത്തിലുള്ള ആളുകളെ ബോധവൽക്കരിച്ച് അവരെക്കൂടി മത്സ്യത്തൊഴിലാളി ക്ഷേമനിധിയിൽ അംഗമാക്കിയാൽ ഈ പ്രക്രിയ തുടരാൻ സാധിക്കും. അതിനായി ഗവൺമെന്റ് ശ്രമം നടത്തുന്നുണ്ട്.

ശ്രീ. വി. ജോയി: സർ, യഥാർഥത്തിൽ അനുബന്ധത്തൊഴിലാളികളാണ് ജനങ്ങൾക്കിടയിലേയ്ക്ക് മത്സ്യം എത്തിക്കുന്നത്. അവർക്ക് പ്രത്യേകമായി ക്ഷേമനിധിയോ അതുപോലെയുള്ള

മറ്റെന്തെങ്കിലും സംവിധാനങ്ങളോ കൊണ്ടുവരാൻ സാധിക്കുമോ?

ശ്രീ. സജി ചെറിയാൻ: സർ, അനുബന്ധത്തൊഴിലാളികളിൽ 27431 പേർക്കാണ് ഇപ്പോൾ ഈ പ്രയോജനങ്ങൾ ലഭിക്കുന്നത്. കേരളത്തിലെ പീലിങ് തൊഴിലാളികൾ, ചുമട്ടുതൊഴിലാളികൾ, സൈക്കിളിലും വഴിയോരങ്ങളിലും കച്ചവടം ചെയ്യുന്നവർ തുടങ്ങി ലക്ഷക്കണക്കിന് അനുബന്ധ തൊഴിലാളികളുണ്ടാകും. അവർക്ക് ആരോഗ്യ പരിരക്ഷയും ഇൻഷ്വറൻസ് പരിരക്ഷയും നൽകുന്ന കാര്യത്തിൽ ഗവൺമെന്റിന് യാതൊരു ബുദ്ധിമുട്ടുമില്ല. അവരെക്കൂടി മത്സ്യത്തൊഴിലാളി ക്ഷേമനിധിയിൽ അംഗമാക്കിക്കൊണ്ട് ഈ പ്രക്രിയ പൂർണ്ണമായും നടപ്പാക്കുന്നതിനുള്ള പരിശ്രമമാണ് ഗവൺമെന്റ് നടത്തുന്നത്.

ശ്രീ. ജോബ് മൈക്കിൾ: സർ, കായലുകളിലും പുഴകളിലും മറ്റ് ജലാശയങ്ങളിലുമായി മത്സ്യബന്ധനം നടത്തുന്ന പരമ്പരാഗത ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് ക്ഷേമപദ്ധതികളിൽ ആവശ്യമായ പരിഗണന നൽകുമോ?

ശ്രീ. സജി ചെറിയാൻ: സർ, മത്സ്യത്തൊഴിലാളികളിലെ അനുബന്ധ തൊഴിലാളികളും പരമ്പരാഗത മത്സ്യത്തൊഴിലാളികളും ക്ഷേമപദ്ധതിയിൽ

ഉൾപ്പെടുന്നുണ്ട്. മത്സ്യത്തൊഴിലാളികൾക്കും പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്കും മത്സ്യത്തൊഴിലാളി ക്ഷേമനിധിയിൽ അംഗമാകാം. ഇവരെ ബോധവൽക്കരണം നടത്തി ക്ഷേമനിധിയിൽ അംഗമാക്കുകയെന്ന ഉത്തരവാദിത്വം ജനപ്രതിനിധികളായ നമ്മളെല്ലാവരും കൂട്ടായി ചെയ്താൽ 20 ലക്ഷം രൂപയുടെ ഇൻഷ്വറൻസിലും ആരോഗ്യ പരിരക്ഷാ പദ്ധതിയിലും ഇവരെ ഉൾപ്പെടുത്താൻ യാതൊരു ബുദ്ധിമുട്ടുമില്ല. കൂടുതൽ സമയം തൊഴിൽ ചെയ്ത് അവശതയനുഭവിക്കുന്ന വിഭാഗമെന്ന നിലയിൽ പീലിങ് തൊഴിലാളികൾക്ക് ഒരു പ്രത്യേക ആരോഗ്യ സുരക്ഷാ പദ്ധതി ഗവൺമെന്റ് ഇപ്പോൾ ആലോചിക്കുന്നുണ്ട്.

ശ്രീ. സി. ആർ. മഹേഷ്: സർ, പഞ്ഞമാസത്തിൽ മത്സ്യത്തൊഴിലാളികളെ സംരക്ഷിക്കുന്നതിനായി സർക്കാർ ആരംഭിച്ച സമ്പാദ്യ സമാശ്വാസ പദ്ധതി അവതാളത്തിലാണെന്ന് ഒരു വാർത്തയുണ്ട്. മത്സ്യത്തൊഴിലാളികളുടെ വിഹിതം കൃത്യമായി വാങ്ങുന്നതിൽ ഉദ്യോഗസ്ഥർ കാണിച്ച അനാസ്ഥയാണ് ഇതിന് കാരണമെന്നും പറയുന്നുണ്ട്. ആലപ്പാട് പഞ്ചായത്തിൽ മാത്രം നൂറുകണക്കിന് തൊഴിലാളികൾക്ക് ആദ്യ ഗഡു അടയ്ക്കാൻ സാധിക്കാതെ വന്നിട്ടുണ്ട്. ഇക്കാര്യം പരിശോധിച്ച് മുഴുവൻ

തൊഴിലാളികൾക്കും മത്സ്യത്തൊഴിലാളി സമ്പാദ്യ സമാശ്വാസ പദ്ധതിയിലൂടെ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. സജി ചെറിയാൻ: സർ, മത്സ്യത്തൊഴിലാളി സമ്പാദ്യ സമാശ്വാസ പദ്ധതി ഇപ്പോൾ തകരാറിലായെന്ന് പറയുന്നത് ശരിയല്ല. ആലപ്പാട് പഞ്ചായത്തിലെ കേസ് ബഹുമാനപ്പെട്ട അംഗം പ്രത്യേകമായി ഉന്നയിച്ചതുകൊണ്ട് പരിശോധിക്കാൻ ഞാൻ തയ്യാറാണ്. ഈ പദ്ധതിക്കായി ഗവൺമെന്റ് ആവശ്യമായ സഹായങ്ങൾ ചെയ്യുന്നുണ്ട്. ആലപ്പാട് പഞ്ചായത്തിലെ കേസ് എന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ബഹുമാനപ്പെട്ട അംഗം അത് എഴുതിനൽകിയാൽ അക്കാര്യം ഞാൻ പരിശോധിക്കാം.

## ഭൂരഹിത പട്ടികവർഗക്കാരുടെ പുനരധിവാസം

2 (*62) ശ്രീ. പി. വി. ശ്രീനിജിൻ:

ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ:

ശ്രീ. ലിന്റോ ജോസഫ്:

ശ്രീ. എം. എസ്. അരുൺ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് മിഷൻ ആരംഭിക്കുന്നതിനുമുമ്പ് നിർമ്മാണം തുടങ്ങിയ പട്ടികവർഗ വിഭാഗക്കാരുടെ വീടുകളുടെ പൂർത്തീകരണവും ജീർണ്ണാവസ്ഥയിലുള്ള വീടുകളുടെ പുനരുദ്ധാരണവും ലക്ഷ്യമാക്കി പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് പ്രസ്തുത പദ്ധതിപ്രകാരം എത്ര ഗുണഭോക്താക്കൾക്ക് എന്തെല്ലാം സഹായം ലഭ്യമാക്കിയിട്ടുണ്ടെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത കാലയളവിൽ ഭൂരഹിതരായ പട്ടികവർഗക്കാരുടെ പുനരധിവാസ പദ്ധതിയനുസരിച്ച് ഭൂമി ലഭ്യമാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. ഒ. ആർ. കേളു): സർ, (എ) ഉണ്ട്. 2006 ഏപ്രിൽ 1-നുശേഷം ആരംഭിച്ച് പൂർത്തിയാക്കാത്ത പട്ടികവർഗ വിഭാഗങ്ങളുടെ ഭവനപൂർത്തീകരണവും പുനരുദ്ധാരണവും ലക്ഷ്യമിട്ടുകൊണ്ട് 2.50 ലക്ഷം രൂപ നിരക്കിൽ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ ധനസഹായം

അനുവദിക്കുന്നതിന് SAFE (Secure Accommodation and Facility Enhancement) പദ്ധതി നടപ്പാക്കിയിട്ടുണ്ട്.

(ബി) 2022-23 സാമ്പത്തിക വർഷം 1500 വീടുകൾ സേഫ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നു. ആയതിൽ 764 വീടുകൾ പദ്ധതി പ്രകാരം പൂർത്തീകരിച്ചിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷം 3072 വീടുകളെ പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നതിൽ 523 വീടുകൾ പദ്ധതി പ്രകാരം പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ, 2024-25 സാമ്പത്തിക വർഷം ആദ്യഘട്ടത്തിൽ **3576** വീടുകളെയും അധികമായി 250 വീടുകളെയും സേഫ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

(സി) ഭൂരഹിതരായ പട്ടികവർഗ കുടുംബങ്ങൾക്ക് വാസയോഗ്യവും കൃഷിയോഗ്യവുമായ ഭൂമി വിലയ്ക്ക് വാങ്ങി നൽകുന്ന ലാൻഡ് ബാങ്ക് പദ്ധതി, നിക്ഷിപ്ത വനഭൂമി വിതരണം, വനാവകാശ നിയമപ്രകാരമുള്ള ഭൂമി വിതരണം എന്നീ പദ്ധതികളിലൂടെ ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന ഭൂരഹിതരായ പട്ടികവർഗ കുടുംബങ്ങൾക്ക് ഭൂമി നൽകുന്നുണ്ട്. കൂടാതെ റവന്യൂ ഭൂമി വിതരണത്തിലൂടെയും ഭൂരഹിതർക്ക് ഭൂമി ലഭ്യമാക്കുന്നു.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ലാൻഡ് ബാങ്ക് പദ്ധതിപ്രകാരം 260 പേർക്ക് 50.83 ഏക്കർ ഭൂമിയും നിക്ഷിപ്ത വനഭൂമി വിതരണ പദ്ധതിപ്രകാരം 718 പേർക്ക് 243.80 ഏക്കർ ഭൂമിയും വനാവകാശ നിയമപ്രകാരം 2843 പേർക്ക് 3945.86 ഏക്കർ ഭൂമിയും റവന്യൂ/ഫാം/പ്രോജക്റ്റ് ഭൂമി വിതരണ പദ്ധതിപ്രകാരം 27 പേർക്ക് 20.98 ഏക്കർ ഭൂമിയും വിതരണം ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ ആകെ 3848 പേർക്ക് 4261.47 ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്.

ലാൻഡ് ബാങ്ക് പദ്ധതിപ്രകാരം വാങ്ങിയ 52.34 ഏക്കർ ഭൂമികൂടി വിതരണം ചെയ്യുന്നതിനുള്ള നടപടിയും പദ്ധതിപ്രകാരം സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റി അംഗീകരിച്ച 6.99 ഏക്കർ ഭൂമികൂടി വാങ്ങുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു.

ലാൻഡ് ബാങ്ക് പദ്ധതിക്കായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 27.88 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ടി പദ്ധതികൾപ്രകാരം വിവിധ ജില്ലകളിൽ അനുവദിച്ച ഭൂമിയുടെ വിശദാംശങ്ങൾ അനുബന്ധം **1-** ആയി ചേർക്കുന്നു.+

\+ അനുബന്ധമായി ചേർത്തിട്ടുണ്ട്.

ശ്രീ. പി. വി. ശ്രീനിജിൻ: സർ, പട്ടികവർഗ വികസന വകുപ്പ് മുൻകാലങ്ങളിൽ അനുവദിച്ച നിരവധി ഭവനങ്ങൾ പൂർത്തീകരിക്കുന്നതിന് ലൈഫ് പദ്ധതിയിൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

ശ്രീ. ഒ. ആർ. കേളു: സർ, ലൈഫ് ഭവന പദ്ധതി നിലവിൽ വരുന്നതിനുമുമ്പുതന്നെ പൂർത്തീകരിക്കാത്ത വീടുകളുണ്ട്. അത്തരം വീടുകൾ പൂർത്തീകരിക്കുന്നതിനുവേണ്ടി രണ്ട് രീതിയിലാണ് പദ്ധതി നടപ്പാക്കുന്നത്. 2006 ഏപ്രിൽ 1-ന് മുമ്പുള്ള പൂർത്തീകരിക്കാത്ത പട്ടികവർഗ വിഭാഗങ്ങളുടെ വീടുകൾ ലൈഫ് പദ്ധതിയിലെ സേഫ്-1-ലും 2006 ഏപ്രിൽ 1-നുശേഷം ആരംഭിച്ച് പൂർത്തീകരിക്കാത്ത വീടുകൾ സേഫ് പദ്ധതിയിലും ഉൾപ്പെടുത്തി പൂർത്തീകരിച്ചുവരുന്നുണ്ട്.

ശ്രീ. പി. വി. ശ്രീനിജിൻ: സർ, സർക്കാർ നടപ്പാക്കിയ സേഫ് ഭവന പദ്ധതി ഏറെ ജനോപകാരപ്രദമായിരുന്നു. ഈ പദ്ധതിയിൽ കൂടുതൽ ഗുണഭോക്താക്കളെ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. ഒ. ആർ. കേളു: സർ, ഞാൻ മുമ്പ് നൽകിയ മറുപടിയിൽ ഇക്കാര്യം പരാമർശിച്ചിട്ടുണ്ട്. കൂടുതൽ ഗുണഭോക്താക്കളെ ഈ

പദ്ധതിയിലുൾപ്പെടുത്തി സേവനം ലഭ്യമാക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്.

ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: സർ, ലാൻഡ് ബാങ്ക് പദ്ധതി വഴിയും പട്ടികവർഗ പുനരധിവാസ വികസന മിഷൻ മുഖേനയും ഭൂമി വാങ്ങി അടിസ്ഥാന സൗകര്യവികസനത്തിനായി നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

ശ്രീ. ഒ. ആർ. കേളു: സർ, ലാൻഡ് ബാങ്ക് പദ്ധതിപ്രകാരം കേരള സർക്കാരിന്റെ എല്ലാവർക്കും ഭൂമിയെന്ന നയമാണ് ഇവിടെ നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. അതുപ്രകാരം തിരുവനന്തപുരം ജില്ല പട്ടികവർഗ ഭൂരഹിതരില്ലാത്ത ജില്ലയായി നേരത്തെതന്നെ പ്രഖ്യാപിച്ചിരുന്നു. പട്ടികവർഗ ഭൂരഹിതരില്ലാത്ത സംസ്ഥാനമായി പ്രഖ്യാപിക്കാൻ നടപടി സ്വീകരിക്കുന്നുണ്ട്. "എല്ലാവർക്കും ഭൂമി എല്ലാ ഭൂമിക്കും രേഖ" എന്നതാണ് സർക്കാരിന്റെ നയം. ലാൻഡ് ബാങ്ക് പദ്ധതി, നിക്ഷിപ്ത വനഭൂമി വിതരണം, റവന്യൂ ഭൂമി, ഫാം പ്രൊജക്ട് ഭൂമി വിതരണം എന്നിവയിലൂടെയും വനാവകാശ നിയമപ്രകാരമുള്ള പദ്ധതിയിലും ഉൾപ്പെടുത്തിയാണ് ഭൂമി ലഭിക്കാത്ത കുടുംബങ്ങൾക്ക് ഭൂമി

ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ വകുപ്പ് സ്വീകരിച്ചുവരുന്നത്.

ശ്രീ. ലിന്റോ ജോസഫ്: സർ, ഭൂരഹിത പട്ടികവർഗക്കാരുടെ പുനരധിവാസം ഏറ്റവും ഫലപ്രദമായാണ് നമ്മുടെ ഗവൺമെന്റ് നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. വനാവകാശ നിയമപ്രകാരം എത്ര അപേക്ഷകൾ ഇനി തീർപ്പാക്കാനുണ്ടെന്നും പ്രസ്തുത നിയമപ്രകാരം അനുവദിച്ച ഭൂമി റവന്യൂ വില്ലേജായി മാറ്റുന്നതിന് സ്വീകരിച്ച നടപടികളെന്തെല്ലാമാണെന്നും വ്യക്തമാക്കാമോ?

ശ്രീ. ഒ. ആർ. കേളു: സർ, വനാവകാശ നിയമപ്രകാരം വ്യക്തിഗത അവകാശത്തിനായി 2347 അപേക്ഷകളും സാമൂഹ്യ വനാവകാശത്തിനായി ലഭിച്ച 280 അപേക്ഷകളും വികസന അവകാശത്തിനായി ലഭിച്ച 81 അപേക്ഷകളും തീർപ്പ് കൽപ്പിക്കാനുണ്ട്. അതോടൊപ്പം ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി താൽപര്യമെടുത്ത് ഇത്തരം രേഖകളുടെ അവകാശം സ്ഥാപിക്കുന്നതിന്റെ ഭാഗമായി റവന്യൂ വില്ലേജുകളായി പരിവർത്തനം ചെയ്യുന്നതിന് ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തിക്കൊണ്ട് 03-02-2025-ൽ ഒരു ഉത്തരവും ഇറക്കിയിട്ടുണ്ട്.

ശ്രീ. എം. എസ്. അരുൺ കുമാർ: സർ, ലാൻഡ് ബാങ്ക് പദ്ധതിപ്രകാരം ഭൂമി വാങ്ങുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങൾപ്രകാരം ചുരുങ്ങിയത് ഒരേക്കർ ഭൂമി വേണമെന്നുണ്ട്. എന്നാൽ, സംസ്ഥാനമൊട്ടാകെ ടി പദ്ധതി നടപ്പാക്കാൻ പ്രയോഗികമായി സാധിക്കാത്ത സാഹചര്യമുണ്ട്. ഈ പ്രയാസം മറികടക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. ഒ. ആർ. കേളു: സർ, ബഹുമാനപ്പെട്ട എം.എൽ.എ. ഉന്നയിച്ച കാര്യം ശരിയാണ്. ഭൂമിയില്ലാത്തവർക്ക് ഭൂമി വാങ്ങി കൊടുക്കുന്നതിനുവേണ്ടി ഭൂമി അന്വേഷിക്കുമ്പോൾ ഒരേക്കർ എങ്കിലും ഭൂമിയുള്ള ഗുണഭോക്താക്കളിൽനിന്നുമാത്രമേ നമുക്ക് ഭൂമി വാങ്ങാൻ സാധിക്കുകയുള്ളൂ. ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ ആലപ്പുഴ പോലെയുള്ള ജില്ലകളിൽ അത്തരം കാര്യങ്ങൾ പരിശോധിക്കുമ്പോൾ, ഒരേക്കർ ഭൂമിയുള്ള ആളുകളെ കണ്ടുകിട്ടാൻ വളരെ ബുദ്ധിമുട്ടാണ്. അതുകൊണ്ട് ഇക്കാര്യങ്ങളിൽ ഇളവ് അനുവദിക്കുന്ന കാര്യം വകുപ്പ് പരിശോധിച്ചുവരുന്നു.

ശ്രീ. എ. പി. അനിൽ കുമാർ: സർ, വനാവകാശ നിയമമനുസരിച്ച് ആദിവാസികൾക്ക് ലഭിക്കേണ്ട ഭൂമി നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്ന സാഹചര്യത്തിലും വളരെയധികം ഭൂമി ഇന്ന്

സ്വകാര്യവ്യക്തികളുടെ കൈയിലാണുള്ളത്. വനാവകാശനിയമപ്രകാരം നൽകേണ്ട ഭൂമി ഗവൺമെന്റിന്റെ കൈവശവുമുണ്ട്. ടി ഭൂമി അവർക്കുതന്നെ നൽകാനുള്ള ശ്രമം ഗവൺമെന്റ് ഒരുഭാഗത്ത് നടത്തിക്കൊണ്ടിരിക്കുമ്പോൾത്തന്നെ തിരിച്ചുപിടിക്കാൻ കഴിയാത്ത ഭൂമിക്ക് പകരമായി ഗവൺമെന്റ് റവന്യൂ ലാൻഡ് നൽകുകയെന്നുള്ള മുൻകാല ഗവൺമെന്റ് എടുത്ത ഒരു തീരുമാനമുണ്ട്. അത്തരത്തിൽ വനാവകാശ നിയമമനുസരിച്ച് ആദിവാസികൾക്ക് ലഭിക്കേണ്ട സ്വകാര്യ വ്യക്തികൾ കൈവശം വച്ചിരിക്കുന്നതുൾപ്പെടെയുള്ള ഭൂമി തിരിച്ചുപിടിക്കാൻ കഴിഞ്ഞിട്ടുണ്ടോ; അല്ലെങ്കിൽ അതിനുപകരമായി റവന്യൂ ലാൻഡ് അവർക്ക് കൊടുക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

<u>ശ്രീ. ഒ. ആർ. കേളു</u>: സർ, നിലവിലെ കണക്കുപ്രകാരം കേരളത്തിലെ പട്ടികവർഗ വിഭാഗത്തിലെ 5736 പേർക്കാണ് ഇനി ഭൂമി ലഭ്യമാക്കാനുള്ളത്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ ഈ പറയുന്ന കാര്യങ്ങളൊക്കെ ആദിവാസികളുടെ ഭൂമി അന്യാധീനപ്പെട്ട ഭൂമി എന്ന നിലയ്ക്കും അതുപോലെ സർക്കാർ ഭൂമി വിവിധ ഏജൻസികൾ കൈവശം വച്ചതായുമൊക്കെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അക്കാര്യങ്ങളിൽ

ഗവൺമെന്റിന് നയപരമായ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽമാത്രമേ നടപടി സ്വീകരിക്കാൻ സാധിക്കുകയുള്ളൂ.

ശ്രീ. ജി. സ്റ്റീഫൻ: സർ, നിലവിൽ തിരുവനന്തപുരം ജില്ലയെ പട്ടികവർഗ ഭൂരഹിതരില്ലാത്ത ജില്ലയായി പ്രഖ്യാപിച്ചിട്ടുണ്ട്. ഇതേ നടപടിയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ പട്ടിക വർഗക്കാർക്ക് പൂർണ്ണമായും ഭൂമി ലഭിക്കുന്ന സംസ്ഥാനമായി പ്രഖ്യാപിക്കുന്നതിനുള്ള എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദീകരിക്കാമോ?

ശ്രീ. ഒ. ആർ. കേളു: സർ, ഇതുസംബന്ധിച്ച് നേരത്തെ സൂചിപ്പിച്ചിരുന്നു. കേരളത്തിൽ പട്ടികവർഗ വിഭാഗത്തിൽപ്പെട്ട 5736 കുടുംബങ്ങൾക്കാണ് ഭൂമി ലഭിക്കാനുള്ളത്. അത്തരം ആളുകൾക്ക് ഈ ഗവൺമെന്റിന്റെ കാലത്തുതന്നെ പൂർണ്ണമായും ഭൂമി കൊടുത്തുതീർക്കുന്നതിനുള്ള യുദ്ധകാല പരിശോധനയും നടപടികളുമാണ് നിലവിൽ സ്വീകരിച്ചുവരുന്നത്.

ശ്രീ. അനൂപ് ജേക്കബ്: സർ, പട്ടികജാതി വിദ്യാർത്ഥികൾക്ക് വിദേശപഠന സഹായത്തിനും പുറത്തുള്ള വിദ്യാലയങ്ങളിൽ/കോളേജുകളിൽ പഠിക്കുന്നതിന് ധനസഹായം നൽകുന്നുണ്ടായിരുന്നു. അക്കാര്യത്തിൽ

ഇപ്പോൾ വലിയ കാലതാമസം ഉണ്ടാകുന്നുണ്ട്. ടി വിഷയം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. പഠനസഹായത്തിനുള്ള സാമ്പത്തിക സഹായം പല ഗഡുക്കളായാണ് നൽകുന്നത്. അതിന് കാലതാമസം വരുന്നത് ഒഴിവാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

<u>ശ്രീ. ഒ. ആർ. കേളു</u>: സർ, ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത് ശരിയാണ്. സാമ്പത്തിക സഹായം വർഷാവസാനം ഒന്നിച്ച് കൊടുക്കുന്നൊരു രീതിയാണ് ഇപ്പോൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. അത്തരത്തിൽ കൊടുക്കുന്നത് കുട്ടികൾക്ക് പ്രയോജനപ്പെടുന്നില്ലെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നേരത്തെ പല ഗഡുക്കളായിട്ടാണ് ധനസഹായം നൽകിയിരുന്നത്. ഇക്കാര്യങ്ങളിലെ പ്രയാസം ഒഴിവാക്കുന്ന കാര്യം പരിശോധിച്ചുവരികയാണ്.

<u>ശ്രീമതി ശാന്തകുമാരി കെ.:</u> സർ, ഭൂരഹിത-ഭവനരഹിതരെ പുനരധിവസിപ്പിക്കാനുള്ള സംസ്ഥാന ഗവൺമെന്റിന്റെ ഇനിഷ്യേറ്റീവിനെ അഭിനന്ദിക്കുകയാണ്. ഇവിടെ സൂചിപ്പിച്ചതുപോലെ ഭൂരഹിതരായ പട്ടികവർഗ ജനവിഭാഗങ്ങൾക്കുള്ള ലാൻഡ് ബാങ്ക് എന്ന പദ്ധതി വളരെ ശ്രദ്ധേയമാണ്. എന്റെ നിയോജകമണ്ഡലത്തിലെ കരിമ്പ

ഗ്രാമപഞ്ചായത്തിൽ കപ്പടം ജി.എൽ.പി. സ്കൂളിന് സമീപത്തായി 42 ആദിവാസി കുടുംബങ്ങൾക്ക് പത്തേക്കർ ഭൂമിയെടുത്ത് ഭൂമി വിതരണം ചെയ്യുന്ന നടപടി അന്തിമഘട്ടത്തിൽ നിൽക്കുകയാണ്. ഇങ്ങനെ ഭൂമിയെടുത്ത് വിതരണം ചെയ്ത് ഉടമസ്ഥരാകുമ്പോൾ മറ്റൊരു പ്രശ്നം ഉയരുന്നത് വീടില്ലെന്നുള്ളതാണ്. അതേസമയം ലൈഫ് പദ്ധതിയിൽ അവർ ഉൾപ്പെട്ടിട്ടുമില്ല. അങ്ങനെയുള്ള ഭവനരഹിതർ പിന്നീടുണ്ടാകുകയാണ്. അങ്ങനെയുള്ള ഭവനരഹിതർക്കുവേണ്ടി പ്രത്യേക പദ്ധതി ഏറ്റെടുത്ത് ചെയ്യാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. ഒ. ആർ. കേളു: സർ, അങ്ങനെയുള്ള കുടുംബത്തിന് സെറ്റിൽമെന്റ് എന്ന നിലയ്ക്ക് Tribal Rehabilitation Development Mission (TRDM) പ്രകാരം പ്രത്യേകമായ ഒരു പദ്ധതി വകുപ്പ് നടപ്പാക്കിവരുന്നുണ്ട്. ഒരു യൂണിറ്റായി ഭൂമി എടുത്തുകൊടുക്കുന്ന കുടുംബങ്ങൾക്കെല്ലാം അവിടെത്തന്നെ വീട് വച്ചുകൊടുക്കുന്നതിനുള്ള ഒരു പദ്ധതി ഇപ്പോൾ വകുപ്പ് നടപ്പാക്കിവരുന്നുണ്ട്. ആ പദ്ധതിയിലുൾപ്പെടുത്തി നടപടി സ്വീകരിക്കാവുന്നതാണ്.

ശ്രീ. യു. എ. ലത്തീഫ്: സർ, പ്ലാൻ ഫണ്ട് വെട്ടിക്കുറച്ചതിന്റെ ഫലമായി

പട്ടികജാതി-പട്ടികവിഭാഗക്കാർക്ക് നഷ്ടപ്പെട്ട ഭവനങ്ങൾ നിർമ്മിക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സാധിക്കാതെ വരുന്നു. അവർ അതിദരിദ്ര വിഭാഗത്തിൽപ്പെട്ടവരാണ്. അവരെ സഹായിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. ഒ. ആർ. കേളു</u>: സർ, അത്തരത്തിൽ പദ്ധതി വെട്ടിക്കുറച്ചിട്ടില്ല. ഇത്തവണ പദ്ധതി നടപ്പാക്കുന്നതിൽ ചില കാലതാമസങ്ങൾ നേരിടുന്നുവെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ, നിലവിൽ നടത്തിക്കൊണ്ടിരിക്കുന്ന പദ്ധതികളിൽ ചില പ്രയോറിറ്റി നിശ്ചയിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിലാണ് പദ്ധതികൾ വേഗത്തിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നത്. അതേസമയം ഇവിടെ സൂചിപ്പിച്ചതുപോലെ, ലൈഫ് ഭവന പദ്ധതിക്ക് വകുപ്പിന്റെ അലോട്ടുമെന്റ് പ്രകാരമുള്ള മുഴുവൻ ഫണ്ടും അനുവദിച്ചുകഴിഞ്ഞു.

<u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: സർ, മലപ്പുറം ജില്ലയിലെ 570 ഭൂരഹിതരായ പട്ടികവിഭാഗക്കാർക്ക് ഭൂമി വിതരണം ചെയ്തതായി ശ്രദ്ധയിൽപ്പെട്ടിരുന്നു. സമാന നിലയിൽ മറ്റുജില്ലകളിലും ത്വരിതഗതിയിൽ ഭൂമി വിതരണ നടപടി പൂർത്തിയാക്കുമോ; കോഴിക്കോട് ജില്ലയെ

സംബന്ധിച്ച് പ്രത്യേകമായ എന്തെങ്കിലും വിവരങ്ങൾ മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

<u>ശ്രീ. ഒ. ആർ. കേളു</u>: സർ, ഇതുസംബന്ധിച്ച കാര്യങ്ങൾ നേരത്തെ സൂചിപ്പിച്ചിരുന്നു. ഭൂരഹിതരായ 5736 കുടുംബങ്ങൾക്ക് ഭൂമിനൽകാൻ ബാക്കിയുണ്ട്. ഇക്കാര്യത്തിൽ മലപ്പുറം, തിരുവനന്തപുരം തുടങ്ങിയ ജില്ലകളിൽ പൂർണ്ണത കൈവരിക്കുകയാണ്. തിരുവനന്തപുരം ഒഴികെയുള്ള ബാക്കി 13 ജില്ലകളിലും സർക്കാർ നടപ്പാക്കിക്കൊണ്ടിരിക്കുന്ന 'എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ' എന്ന പദ്ധതിയിലൂടെയും വനാവകാശ നിയമ ത്തിലൂടെയും ലാൻഡ് ബാങ്ക് പദ്ധതിയിലൂടെയും മിച്ചഭൂമി പതിച്ചുനൽകലിലൂടെയും എല്ലാ ഭൂമിയും കണ്ടെത്തി പൂർണ്ണമായും ഭൂരഹിതരായ എല്ലാ കുടുംബത്തിനും ഭൂമി ലഭ്യമാക്കുന്നതിനുള്ള യുദ്ധകാല നടപടിയാണ് വകുപ്പ് സ്വീകരിച്ചുവരുന്നത്.

<u>ശ്രീ. നജീബ് കാന്തപുരം</u>: സർ, എന്റെ നിയോജകമണ്ഡലത്തിൽ മൂന്ന് പട്ടികവർഗ കോളനികളുണ്ട്. പട്ടികവർഗ വിഭാഗങ്ങൾ ഒരുമിച്ച് താമസിക്കുന്ന പ്രദേശങ്ങളിൽനിന്ന് വ്യത്യസ്തമായി വലിയ പ്രശ്നമുള്ളത് ഒറ്റപ്പെട്ട് താമസിക്കുന്ന സ്ഥലങ്ങളിലാണ്. അവിടെ അവർക്ക് ഭൂമിയില്ലെന്ന്

മാത്രമല്ല ഭൂമിയുള്ളവർക്കുതന്നെ ഭവന നിർമ്മാണത്തിനുവേണ്ടി ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തുമ്പോൾ നാല് ലക്ഷം രൂപ ഗഡുക്കളായാണ് ലഭിക്കുന്നത്. ഇതിൽ ഏറ്റവും പ്രധാനപ്പെട്ടൊരു പ്രശ്നം, അവരുടെ നിലവിലുള്ള ചെറിയ വീട് പൂർണ്ണമായും പൊളിച്ചതിനുശേഷമായിരിക്കും പുതിയ വീട് നിർമ്മിക്കുന്നത്. അങ്ങനെവരുമ്പോൾ അവർക്ക് ഉള്ള വീടും നഷ്ടപ്പെട്ട് പൂർണ്ണ ഭവനരഹിതരായി മാറുന്ന അവസ്ഥയുണ്ടാകുന്നുണ്ട്. അതുകൊണ്ട് നാല് ലക്ഷം രൂപ എന്നുള്ളത് വർധിപ്പിച്ച് അവർക്ക് ഭവനനിർമ്മാണത്തിനാവശ്യമായ  ഒരു തുകയായി ഉയർത്താൻ സർക്കാർ താല്പര്യപ്പെടുമോ?

<u>ശ്രീ. ഒ. ആർ. കേളു</u>: സർ, പട്ടികജാതി/പട്ടികവർഗ വിഭാഗങ്ങൾക്ക് ആറ് ലക്ഷം രൂപ എന്ന നിരക്കിൽത്തന്നെയാണ് നിലവിൽ നൽകി വരുന്നത്. ഇവിടെ സൂചിപ്പിച്ചതുപോലെ സ്കാറ്റാർഡായി ചില വീടുകൾ നമ്മുടെ നിയോജകമണ്ഡലങ്ങളിലും  ജില്ലകളിലുമൊക്കെയുണ്ടെന്നുള്ളത് ശരിയാണ്. ഇത്തരത്തിൽ വളരെ റിമോട്ട് ഏരിയയിൽ താമസിക്കുന്ന കുടുംബങ്ങൾക്ക് കൺവീനിയൻസ് ചാർജായി അധിക തുക അനുവദിച്ചുകൊണ്ട് അവരുടെ വീടുകളുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിനുവേണ്ടി നിലവിൽ

നിയമസാധുതയുണ്ട്. അക്കാര്യങ്ങളൊക്കെ പരിശോധിച്ച് വേണ്ട നടപടി സ്വീകരിക്കാം.

ശ്രീ. മാത്യു ടി. തോമസ്: സർ, ഈ മാസം നവംബർ 1-ാം തീയതിയോടുകൂടി അതിദരിദ്രരില്ലാത്ത സംസ്ഥാനമായി കേരളത്തെ പ്രഖ്യാപിക്കാനുള്ള നടപടികളിലേക്ക് സർക്കാർ നീങ്ങിക്കൊണ്ടിരിക്കുകയാണ്. അതിനായി തിരഞ്ഞെടുത്ത അറുപതിനായിരത്തിലധികം കുടുംബങ്ങളിൽ എത്ര പട്ടികജാതി/പട്ടികവർഗ കുടുംബങ്ങളുണ്ട്; അവരെ അതിദരിദ്ര ഗണത്തിൽനിന്ന് ഉയർത്താൻവേണ്ടി സ്വീകരിച്ച നടപടികളെ സംബന്ധിച്ച് വ്യക്തമാക്കാമോ?

ശ്രീ. ഒ. ആർ. കേളു: സർ, അതുസംബന്ധിച്ച വ്യക്തമായ കണക്ക് ഇപ്പോൾ എന്റെ കൈവശമില്ല. അതിദരിദ്രരില്ലാത്ത കേരളം സൃഷ്ടിക്കുന്നതിന്റെ ഭാഗമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിധ്യത്തിൽ മൂന്ന് തവണ യോഗം ചേരുകയും കാര്യങ്ങൾ വിശദമായി പരിശോധിച്ച് അവ പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയും ചെയ്യുകയാണ്.

<u>ശ്രീ. കെ. യു. ജനീഷ് കുമാർ:</u> സർ, ഗവി വനാന്തരങ്ങളിൽ അലഞ്ഞുനടക്കുന്ന വനവാസി സമൂഹത്തിന്റെ പ്രശ്നങ്ങൾ അങ്ങ് നേരിട്ടെത്തി മനസ്സിലാക്കുകയും അങ്ങുതന്നെ മുൻകൈയെടുത്ത് അവർക്ക് വീട് നിർമ്മിച്ചുനൽകുന്നതിനുവേണ്ടി പദ്ധതി തയ്യാറാക്കുകയും ചെയ്തിരുന്നു. ഇപ്പോൾ വൈദ്യുതി വകുപ്പ് 4 ഏക്കർ ഭൂമി പട്ടികവർഗ്ഗ വകുപ്പിന് കൈമാറിയിട്ടുണ്ട്. ആ ഭൂമിയിൽ വീട് നിർമ്മിച്ച് നൽകുന്നതിനാവശ്യമായ നടപടികൾ വേഗത്തിൽ സ്വീകരിക്കാൻ കഴിയുമോ?

<u>ശ്രീ. ഒ. ആർ. കേളു:</u> സർ, ഇവിടെ ബഹുമാനപ്പെട്ട എം.എൽ.എ. സൂചിപ്പിച്ച പ്രദേശം ഞാൻ മന്ത്രിയാകുന്നതിനുമുമ്പുതന്നെ സന്ദർശിച്ച് ബോധ്യപ്പെട്ടിട്ടുള്ളതാണ്. അവർ താമസിക്കുന്ന ഭൂമി വൈദ്യുതി വകുപ്പിന്റെ കൈവശമുണ്ടായിരുന്ന ഭൂമി എന്ന നിലയിൽ അതിന്റെ നടപടിക്രമങ്ങൾ പൂർത്തീകരിച്ച് വരുന്നതിനുള്ള കാലതാമസമാണ് നേരിട്ടിട്ടുള്ളത്. അത് പൂർത്തീകരിച്ച സ്ഥിതിക്ക് വകുപ്പിന്റെ ടി.ആർ.ഡി.എം. പദ്ധതി പ്രകാരം, ഉന്നതി ഒരു യൂണിറ്റായി എടുത്തുകൊണ്ട് അവിടെ എത്രയുംവേഗം വീട് കൊടുക്കാനുള്ള നടപടി സ്വീകരിക്കാം.

<u>ശ്രീ. കെ. പി. മോഹനൻ:</u> സർ, കണ്ണൂർ ജില്ലയിലെ എന്റെ

നിയോജകമണ്ഡലത്തിൽപ്പെട്ട കണ്ണവം കോളനിയിൽ ഒരു യുവതിയെ കാണാതായിട്ട് ഏകദേശം 40 ദിവസത്തോളമായി. ആ യുവതി പട്ടികജാതി വർഗ്ഗത്തിൽപ്പെട്ടതാണ്. അവർ ഒരു കുടിലിലാണ് താമസിക്കുന്നത്. കാണാതായ യുവതിയെ ഇതുവരെയും കണ്ടെത്തിയിട്ടില്ല. എവിടെയാണെന്നുപോലും അറിയില്ല. ആരെയെങ്കിലും കാണാതായാൽ അവർ എവിടെപോയെന്ന് കാണാൻ ഇപ്പോൾ എല്ലാ സ്ഥലത്തും സി.സി.ടി.വി. ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. സോളാർ ലൈറ്റ് ഉപയോഗിച്ച് ഇത്തരം സി.സി.ടി.വി. ക്യാമറകൾ സ്ഥാപിക്കാൻ കഴിയും. ഇത്തരം കോളനികളിൽ സി.സി.ടി.വി. ക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

<u>ശ്രീ. ഒ. ആർ. കേളു:</u> സർ, അവിടെ കുട്ടിയെ കാണാതായ കാര്യം ബഹുമാനപ്പെട്ട എം.എൽ.എ. തന്നെ ശ്രദ്ധയിൽപ്പെടുത്തുകയും ഒരു ആക്ഷൻ കമ്മിറ്റി രൂപീകരിച്ച് എം.എൽ.എ.-യുടെ സാന്നിധ്യത്തിൽതന്നെ പരിശോധനയും മറ്റ് കാര്യങ്ങളുമൊക്കെ ആഴ്ചകളായി നടത്തിയെങ്കിലും കണ്ടെത്താൻ സാധിച്ചിട്ടില്ല. അതിന്റെ പശ്ചാത്തലത്തിൽ, എല്ലാ കോളനികളിലും സി.സി.ടി.വി. ക്യാമറ വയ്ക്കുന്ന കാര്യം പരിശോധിച്ചുകൊണ്ട്

മാത്രമേ പറയാൻ കഴിയുകയുള്ളൂ.

**കടൽ മണൽ ഖനനം**

(*63)ശ്രീ. സി. സി. മുകുന്ദൻ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെക്കാണുന്ന

ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളതീരത്തെ ആഴക്കടലിലും തീരക്കടലിലും മണൽ ഖനനം നടത്തുന്നതിനുള്ള കേന്ദ്രസർക്കാരിന്റെ തീരുമാനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) ഇന്ത്യൻ തീരത്തെ മത്സ്യസമ്പത്തിന്റെ ഏറ്റവും വലിയ കേന്ദ്രമായ അമ്പലപ്പുഴ മുതൽ വർക്കല വരെയുള്ള കൊല്ലം ഫിഷിങ് ബാങ്ക് ഖനനം ചെയ്യുന്നതിനുള്ള ടെൻഡർ നടപടികളുമായി കേന്ദ്രസർക്കാർ മുന്നോട്ടുപോകുന്ന സാഹചര്യം വിശകലന വിധേയമാക്കിയിട്ടുണ്ടോ; അറിയിക്കുമോ;

(സി) 12 നോട്ടിക്കൽ മൈൽ വരെയുള്ള തീരക്കടൽ പരിപാലനാവകാശം സംസ്ഥാന സർക്കാരിന് അവകാശപ്പെട്ടതാണെന്നിരിക്കെ കേന്ദ്രസർക്കാരിന്റെ ഖനന നീക്കത്തെ പ്രതിരോധിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) ഇന്ത്യൻ തീരമേഖലയിലെ ലക്ഷക്കണക്കിനുവരുന്ന മത്സ്യത്തൊഴിലാളികളുടെ ഉപജീവനത്തെയും വരുമാനത്തെയും മത്സ്യക്കയറ്റുമതിയെയും ബാധിക്കുന്ന കേന്ദ്രനീക്കത്തെ ചെറുക്കുന്നതിന് തീരദേശമുള്ള എല്ലാ സംസ്ഥാനങ്ങളുടെയും സഹകരണം ഉറപ്പാക്കുമോ; വിശദമാക്കുമോ?

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, (എ) ഉണ്ട്. സംസ്ഥാന മൈനിംഗ് ആൻഡ് ജിയോളജി വകുപ്പിൽനിന്നുള്ള റിപ്പോർട്ട് പ്രകാരം, കേരളത്തിന്റെ ഓഫ്ഷോർ മേഖലയിൽ കേന്ദ്ര ഏജൻസിയായ ജിയോളജിക്കൽ സർവേ ഓഫ് ഇന്ത്യ നടത്തിയ പഠനത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഉപയുക്തമാകുന്ന മണൽ നിക്ഷേപമുണ്ടെന്ന് കണ്ടെത്തിയതിനെത്തുടർന്ന് കേന്ദ്രസർക്കാർ

പുറപ്പെടുവിച്ച 2002-ലെ ഓഫ്ഷോർ ഏരിയാസ് മിനറൽ (ഡെവലപ്പ്മെന്റ് ആൻഡ് റെഗുലേഷൻ) ആക്റ്റിലെ വ്യവസ്ഥകളെ അടിസ്ഥാനമാക്കി പ്രസ്തുത ധാതുവിഭവമടങ്ങുന്ന ബ്ലോക്കുകൾ ഓക്ഷൻ (ലേലം) ചെയ്യുന്നതിനുള്ള നടപടികൾ കേന്ദ്രസർക്കാർ സ്വീകരിച്ചിട്ടുണ്ട്. മണൽ ബ്ലോക്ക് ഓക്ഷനുമായി ബന്ധപ്പെട്ട് നിലവിൽ പരിഗണിക്കുന്ന കൊല്ലം മേഖലയിലെ 3 ബ്ലോക്കുകളിലുംകൂടി ഏകദേശം 300 ദശലക്ഷം ടൺ മണൽ നിക്ഷേപമുണ്ടെന്നാണ് കണ്ടെത്തിയിട്ടുള്ളത്. ടി മേഖലയിൽ സമുദ്രത്തിന് ഏകദേശം 48 മീറ്റർ മുതൽ 62 മീറ്റർവരെ ആഴമുള്ളതാണ്. മേൽപ്പറഞ്ഞ ആക്റ്റിൽ 2023-ൽ വരുത്തിയ ഭേദഗതിയിലൂടെ സ്വകാര്യ സ്ഥാപനങ്ങൾക്ക് ഖനനമേഖല തുറന്ന് നൽകിയിരിക്കുകയാണ്. കടൽഖനനം ഏറെ സാമ്പത്തിക മുതൽമുടക്കും സാങ്കേതിക പിൻബലവും ആവശ്യമുള്ള മേഖലയാണ്. ഈ മേഖലയിലേക്ക് കടന്നുവരുന്നത് തീർച്ചയായും വൻകിട കുത്തക കമ്പനികളായിരിക്കും. വൻകിട കമ്പനികളുടെ ലാഭത്തിനായി പാവപ്പെട്ട മത്സ്യത്തൊഴിലാളികളുടെ ജീവസന്ധാരണ മാർഗവും സാധാരണ ജനങ്ങളുടെ പോഷകസ്രോതസ്സും ഇല്ലാതാക്കുന്നത് തീരപ്രദേശത്ത് അരക്ഷിതാവസ്ഥയ്ക്ക് കാരണമാകുമെന്ന കാര്യത്തിൽ സംശയമില്ല. പ്രസ്തുത

വിഷയം സംബന്ധിച്ച് സംസ്ഥാനത്തിന്റെയും മത്സ്യത്തൊഴിലാളി സമൂഹത്തിന്റെയും ആശങ്കകളും വിയോജിപ്പും ഫിഷറീസ് വകുപ്പ് കൃത്യമായി കേന്ദ്രസർക്കാരിനെ രേഖാമൂലം അറിയിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. സംസ്ഥാന മൈനിംഗ് ആൻഡ് ജിയോളജി വകുപ്പിൽ നിന്നുള്ള റിപ്പോർട്ട് പ്രകാരം, 2002-ലെ ഓഫ്ഷോർ ഏരിയാസ് മിനറൽ (ഡെവലപ്മെന്റ് ആൻഡ് റെഗുലേഷൻ) ആക്റ്റിലെ മാനദണ്ഡങ്ങളും വ്യവസ്ഥകളും അവയിൽ 2023-ൽ വരുത്തിയ ഭേദഗതികളും സംസ്ഥാനങ്ങളുടെ താത്പര്യങ്ങൾ പൂർണ്ണമായും കണക്കിലെടുത്തിട്ടില്ല. പ്രസ്തുത ആക്റ്റുപ്രകാരം ധാതുസമ്പത്തിന്റെ ഖനനത്തിലൂടെ ലഭിക്കുന്ന റോയൽറ്റി പൂർണ്ണമായും കേന്ദ്രസർക്കാരിനുള്ളതുമാണ് (സെക്ഷൻ 16). മാത്രമല്ല, 2023-ലെ ഭേദഗതിയിലൂടെ (സെക്ഷൻ 5) സ്വകാര്യമേഖലയ്ക്കുകൂടി ഖനനമേഖലയിൽ പങ്കാളിത്തം നൽകിയിട്ടുണ്ട്. ആക്റ്റിലെ പോരായ്മയും പരിമിതികളും സംബന്ധിച്ച്, ആക്റ്റിന്റെ ഭേദഗതിയുമായി ബന്ധപ്പെട്ടുള്ള അഭിപ്രായ സ്വരൂപണവേളയിൽ സംസ്ഥാനത്തിന്റെ വിയോജിപ്പ് കേന്ദ്രത്തെ അറിയിച്ചിട്ടുണ്ട്. കൂടാതെ ഓഫ്ഷോർ ധാതുക്കളുടെ ഖനനവുമായി ബന്ധപ്പെട്ടുള്ള ആക്റ്റിന്റെ ഭേദഗതിയിൽ പാരിസ്ഥിതിക ഘടകങ്ങളെ

പരിഗണിക്കുന്നില്ല എന്നുള്ളതും കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. മുൻപ് ജിയോളജിക്കൽ സർവേ ഓഫ് ഇന്ത്യ, ഇന്ത്യൻ ബ്യൂറോ ഓഫ് മൈൻസ്, അറ്റോമിക് മിനറൽസ് ഡയറക്ടറേറ്റ് എന്നീ കേന്ദ്രസർക്കാർ സ്ഥാപനങ്ങളുടെ മേൽനോട്ടത്തിലായിരുന്നു ഓഫ്ഷോർ പര്യവേഷണങ്ങളും ഖനനവും നടന്നുവന്നിരുന്നത്. എന്നാൽ 2023-ലെ ഭേദഗതിയിൽ (സെക്ഷൻ 5(2)) ഈ അധികാരം നീക്കം ചെയ്തു. ടി വിഷയവുമായി ബന്ധപ്പെട്ടുള്ള പ്രശ്നങ്ങൾ 11-01-2025-ൽ കൊച്ചി റിനായ് ഹോട്ടലിൽവച്ച് നടത്തിയ റോഡ് ഷോയിൽ കേന്ദ്ര മൈൻസ് സെക്രട്ടറി ശ്രീ. കാന്തറാവു ഐ.എ.എസ്. മുൻപാകെ കേരള സർക്കാരിലെ വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അവതരിപ്പിക്കുകയും സംസ്ഥാനത്തിന്റെ നയപരമായ നിലപാടും ആശങ്കയും അറിയിക്കുകയും ഓഫ്ഷോർ മിനറൽ ഡ്രെഡ്ജിംഗ് ഉയർത്താവുന്ന വിവിധ പാരിസ്ഥിതികവും സാമൂഹികവുമായ വിഷയങ്ങളെയും അഭിസംബോധന ചെയ്തു. സംസ്ഥാനത്തിന്റെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനാവശ്യമായ നടപടികൾ കേന്ദ്രസർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തിട്ടുള്ളതാണ്. സംസ്ഥാനത്തിന്റെ ആവശ്യം 2025 ജനുവരി 19-ന് ഒറീസ്സയിലെ

ഭുവനേശ്വറിൽ നടന്ന അറുപത്തിനാലാമത് സെൻട്രൽ ജിയോളജിക്കൽ പ്രോഗ്രാമിംഗ് ബോർഡിൽ ചർച്ചയ്ക്ക് വരികയും കേന്ദ്ര ഖനി സെക്രട്ടറിയായ ശ്രീ. കാന്തറാവു ഐ.എ.എസ്. ടി വിഷയത്തിൽ കേരളത്തിന് ഉത്കണ്ഠയുള്ളതായും യോഗത്തിൽ അവതരിപ്പിച്ചു. ഇതേതുടർന്ന് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഷ്യാനോഗ്രഫി എന്ന സ്ഥാപനത്തോട് ഓഫ്ഷോർ മൈനിംഗ് സംബന്ധിച്ച പാരിസ്ഥിതിക വിഷയങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ നിർദ്ദേശിച്ചതായും മനസിലാക്കുന്നു.

(സി) 2002-ലെ ഓഫ്ഷോർ മിനറൽ (ഡെവലപ്മെന്റ് ആൻഡ് റെഗുലേഷൻ) ആക്റ്റിന്റെ സെക്ഷൻ 4(എൻ)-ൽ "ഓഫ്ഷോർ" എന്നതിനുള്ള നിർവചനം നൽകിയിട്ടുള്ളതാണ്. ടെറിറ്റോറിയൽ വാട്ടേഴ്സ്, കോണ്ടിനെന്റൽ ഷെൽഫ്, എക്സ്ക്ലൂസീവ് ഇക്കണോമിക് സോൺ ആൻഡ് അദർ മാരിടൈം സോൺസ് എന്നിവ "ഓഫ്ഷോർ" എന്നതിനുള്ള നിർവചനത്തിൽ ഉൾപ്പെടുന്നു. "ഓഫ്ഷോർ" പ്രദേശത്തെ ഖനികളുടെ നിയന്ത്രണവും ധാതുക്കളുടെ വികസനവും കേന്ദ്രസർക്കാരിൽ നിക്ഷിപ്തമായതാണെന്ന് ടി ആക്റ്റിലെ സെക്ഷൻ (2)-ൽ വ്യവസ്ഥ ചെയ്യുന്നു.

കടലിന്റെ അടിത്തട്ടിലെ ധാതുഖനനം ടെറിട്ടോറിയൽ മേഖല, പ്രത്യേക സാമ്പത്തിക മേഖല (Exclusive Economic Zone), ആഴക്കടൽ മേഖല എന്നിവിടങ്ങളിലാണ് നടക്കുന്നത്. ഈ പ്രദേശത്തുള്ള കടൽ ഖനനം നമ്മുടെ നാട്ടിലെ കടൽ, കായൽ മത്സ്യബന്ധന മേഖലയെ പൂർണ്ണമായും ഇല്ലാതാക്കും. കടൽ ഖനനത്തിനായും മറ്റ് അനുബന്ധ സൗകര്യങ്ങൾക്കുമായും തീരക്കടലിൽ എത്തുന്ന നിരവധി കപ്പലുകൾ/ബോട്ടുകൾ എന്നിവ മത്സ്യബന്ധനത്തിന് അസൗകര്യം സൃഷ്ടിക്കുകയും തീരക്കടലിൽ പ്രവർത്തിക്കുന്ന മത്സ്യത്തൊഴിലാളികളുടെയും അവരുടെ യാനങ്ങളുടെയും സുരക്ഷയെ നേരിട്ട് ബാധിക്കുന്നതിനും മത്സ്യത്തൊഴിലാളികളുടെ തൊഴിലിടങ്ങൾ നഷ്ടപ്പെടുത്തുന്നതിനും ഹേതുവാകും. അടിത്തട്ടിലെ ധാതുഖനനം കടലിലെയും ഉൾനാടൻ ജലാശയങ്ങളിലെയും മത്സ്യ ഉത്പാദനം ഗണ്യമായി കുറയാനും കാരണമാകും. താരതമ്യേന വിലകുറഞ്ഞ മാംസ്യസ്രോതസ്സായ മത്സ്യത്തിന്റെ ലഭ്യത കുറവ് പൊതുജന ആരോഗ്യത്തെ നേരിട്ട് ബാധിക്കും. ധാതുഖനനം കടലിന്റെ അടിത്തട്ടിൽ അധിശോഷണാവസ്ഥയിൽ അടിഞ്ഞുകൂടിയ വിഷവാതകങ്ങളെ സ്വതന്ത്രമാക്കുന്നതിന് ഇടയാക്കുന്നു. ഇത് കടൽജലത്തിന്റെ

മലിനീകരണത്തിനും അതുമൂലം മത്സ്യങ്ങൾ ഉൾപ്പെടെയുള്ള ജീവജാലങ്ങളുടെ വ്യാപകമായ നാശത്തിനും കാരണമാകും. അതുപോലെ അടിത്തട്ടിലെ ധാതുഖനനം കടൽജലം കലങ്ങുന്നതിന് കാരണമാകുന്നു. ഇത് കടലിലെ പ്രകാശിതമേഖലയുടെ (കടലിലെ ജലത്തിൽ പ്രകാശ രശ്മികൾ എത്തിച്ചേരുന്ന ആഴപ്രദേശം) ശോഷണത്തിന് ഹേതുവാകുന്നു. പ്രകാശിത മേഖലയുടെ ശോഷണം കടലിലെ പ്രകാശ സംശ്ലേഷണത്തിന്റെ തോത് (പ്രാഥമിക ഉത്പാദനം) ഗണ്യമായി കുറയുവാൻ കാരണമാകുന്നു. കടലിലെ പ്രാഥമിക ഉത്പാദനമാണ് മത്സ്യങ്ങൾ ഉൾപ്പെടെയുള്ള സകല ജന്തുജാലങ്ങളുടെയും നിലനിൽപ്പിനുള്ള ആധാരം. അതിനാൽ കടൽ വെള്ളത്തിലെ കലക്കൽമൂലം മത്സ്യലഭ്യത നന്നേ കുറയാനും കാരണമാകും.

(ഡി) ഇന്ത്യൻ ഭരണഘടനയുടെ ഏഴാം ഷെഡ്യൂൾ (ആർട്ടിക്കിൾ 246) പ്രകാരം "മത്സ്യബന്ധനം" ഒരു സംസ്ഥാന വിഷയമാണ് (ലിസ്റ്റ് II, എൻട്രി 21), കൂടാതെ "പ്രദേശിക ജലാതിർത്തികൾക്കപ്പുറമുള്ള മത്സ്യബന്ധനവും മത്സ്യബന്ധന പ്രവർത്തനങ്ങളും" മാത്രം യൂണിയൻ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഉൾനാടൻ ജലാശയങ്ങളിലും (ശുദ്ധജലം, അഴിമുഖങ്ങൾ, കായലുകൾ ഉൾപ്പെടെയുള്ള ഉപ്പുവെള്ളം) കടലിലും

അടിസ്ഥാനരേഖയിൽനിന്ന് 12 നോട്ടിക്കൽ മൈൽവരെ മത്സ്യബന്ധനത്തിന്റെ വികസനവും മത്സ്യബന്ധന പ്രവർത്തനങ്ങളും ഒരു സംസ്ഥാന വിഷയമാണ്. പ്രദേശിക ജലാശയങ്ങളിലെ ധാതുഖനനം പ്രദേശിക ജലാശയങ്ങളിലെയും ഉൾനാടൻ ജലാശയങ്ങളിലെയും മത്സ്യബന്ധനത്തെ പ്രതികൂലമായി ബാധിക്കുകയും അത് ഇല്ലാതാക്കുകയും ചെയ്യും. പ്രദേശിക ജലാശയങ്ങളിൽ ഖനനം അനുവദിക്കാൻ ഖനി മന്ത്രാലയം നടത്തുന്ന ഇപ്പോഴത്തെ ശ്രമം സംസ്ഥാനങ്ങളുടെ അധികാരപരിധിയിലേക്കുള്ള നേരിട്ടുള്ള കടന്നുകയറ്റമാണ്. തീരത്തിനടുത്തുള്ള കടലിൽ വൻതോതിലുള്ള ധാതു ഖനനം നടക്കുന്നതോടെ, ഈ പ്രദേശത്ത് സഞ്ചരിക്കുന്ന കപ്പലുകളുടെയും ബോട്ടുകളുടെയും എണ്ണം വളരെയധികം വർധിക്കും. ഇത് മത്സ്യബന്ധന യാനങ്ങളുമായി കൂട്ടിയിടിക്കുന്നത് വർദ്ധിപ്പിക്കുന്നതിനും മത്സ്യത്തൊഴിലാളികളുടെ ജീവൻ നഷ്ടപ്പെടുന്നതിനും കാരണമാകും. സമുദ്ര ഖനനം മത്സ്യബന്ധനത്തിൽ ചെലുത്തുന്ന സ്വാധീനത്തെക്കുറിച്ച് മത്സ്യത്തൊഴിലാളികളുമായും മത്സ്യമേഖലയിലെ ബന്ധപ്പെട്ട സംഘടനാ പ്രതിനിധികളുമായുംകൂടി ആലോചിയ്ക്കേണ്ട വിഷയമാണ്. മത്സ്യബന്ധന വ്യവസായങ്ങൾക്കും മറ്റ

അനുബന്ധ വ്യവസായങ്ങൾക്കും ഓഫ്ഷോർ മേഖലയിലെ ധാതുഖനനം ഏതൊക്കെ തരത്തിൽ ബാധിക്കും എന്നതിനെക്കുറിച്ച് ദേശീയ തലത്തിൽ ഗൗരവമായ ചർച്ചകൾ ആവശ്യമാണ്.

ശ്രീ. സി. സി. മുകുന്ദൻ: സർ, ആഴക്കടൽ ഖനനം മത്സ്യലഭ്യതയെ വലിയ തോതിൽ ബാധിക്കുമെന്ന സാഹചര്യത്തിൽ പത്ത് ലക്ഷത്തിലധികം വരുന്ന മത്സ്യത്തൊഴിലാളികളുടെ ഉപജീവനവും വരുമാനവും നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നതിനോടൊപ്പം രാജ്യത്തിന്റെ കയറ്റുമതിയിൽ, വിദേശ നാണ്യശേഖരണത്തിനും കുറവ് വരുത്തുമെന്നുള്ള സാഹചര്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ?

ശ്രീ. സജി ചെറിയാൻ: സർ, കേന്ദ്ര സർക്കാരിന്റെ ശ്രദ്ധിയിൽപ്പെടുത്തിയിട്ടുണ്ടെന്ന് മാത്രമല്ല, ബന്ധപ്പെട്ട ആളുകളുമായി ഇക്കാര്യം ചർച്ച ചെയ്ത് യോജിച്ച മൂവ്മെന്റ് ഉണ്ടാക്കുന്നതിനുവേണ്ടിയുള്ള നല്ല പരിശ്രമം ഗവൺമെന്റ് ഇപ്പോൾ ആരംഭിച്ചിട്ടുണ്ട്.

ശ്രീ. സി. സി. മുകുന്ദൻ: സർ, ആഴക്കടൽ ഖനനം സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികൾ എതിർക്കുന്ന സാഹചര്യത്തിൽ വലിയ തോതിലുള്ള പ്രതിഷേധങ്ങൾക്കും സമരങ്ങൾക്കും കാരണമാകുന്നതിനുള്ള സാധ്യത കേന്ദ്ര

സർക്കാരിന്റെ ശ്രദ്ധയിൽകൊണ്ടുവന്നിട്ടുണ്ടോ?

ശ്രീ. സജി ചെറിയാൻ: സർ, ഇക്കാര്യം തന്നെയാണ് ഞാൻ നേരത്തെ പറഞ്ഞത്.

ശ്രീ. ഇ. കെ. വിജയൻ: സർ, ആഴക്കടൽ ഖനനവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മന്ത്രി തന്റെ മറുപടിയിൽ കേരളാ ഗവൺമെന്റ് എടുത്ത നിലപാടുകൾ സൂചിപ്പിക്കുകയുണ്ടായി. മത്സ്യത്തൊഴിലാളികളുടെ കാര്യത്തിലേറെ ശ്രദ്ധ പതിപ്പിക്കുന്ന മന്ത്രി എന്ന നിലയ്ക്ക് അദ്ദേഹം അക്കാര്യം വളരെ വേഗതയിൽ എടുത്തതായി എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞിരുന്നു. മത്സ്യത്തൊഴിലാളികളും കേരളത്തിലെ മത്സ്യസമ്പത്ത് ഉപയോഗിക്കുന്ന ജനങ്ങളും ബുദ്ധിമുട്ടുന്ന ഈ സാഹചര്യത്തിൽ, നമുക്ക് ഇത്രയേറെ ആശങ്കയുണ്ടാക്കുന്ന ഈ വിഷയത്തിൽ നമ്മുടെ വികാരം അറിയിക്കാൻ ഒരു പ്രമേയം നിയമസഭയിൽ എടുത്തുകൂടെ; എന്താണ് അങ്ങയുടെ അഭിപ്രായം?

ശ്രീ. സജി ചെറിയാൻ: സർ, അത് ഗവൺമെന്റ് ആലോചിക്കുന്നുണ്ട്.

ശ്രീ. ജി. എസ്. ജയലാൽ: സർ, കടൽമണൽ ഖനനം കൂടുതൽ നടക്കുന്ന ഇന്തോനേഷ്യ ആയിരുന്നു സുനാമി ദുരന്തത്തിന്റെ പ്രഭവ കേന്ദ്രം

എന്നുള്ളത് മറക്കാനാവില്ല. ഇന്ത്യൻ മഹാസമുദ്രത്തിൽ ഏറ്റവും വലിയ മത്സ്യപ്രജനന കേന്ദ്രമായ കൊല്ലം മത്സ്യബാങ്ക് മേഖലയിൽ ഖനനം ആരംഭിക്കുന്നതിന് മുമ്പായി ഭാവികാലത്തെ മത്സ്യലഭ്യത സംബന്ധിച്ച ശാസ്ത്രീയ പഠനങ്ങൾ നടത്തിയിട്ടുണ്ടോ? ആ ആശങ്ക ജനങ്ങളിലുണ്ട്. അത് സംബന്ധിച്ച് വലിയ പ്രതിഷേധമാണ് നാട്ടിലുണ്ടാകുന്നത്. ഇത്തരം പഠനങ്ങൾകൂടി ജനങ്ങളെ ബോധ്യപ്പെടുത്തേണ്ടതുണ്ട്.

<u>ശ്രീ. സജി ചെറിയാൻ:</u> സർ, 2002-ലെ ഓഫ്ഷോർ ഏരിയാസ് മിനറൽ (ഡെവലപ്മെന്റ് ആൻഡ് റെഗുലേഷൻ) ആക്റ്റിലെ മാനദണ്ഡങ്ങളും വ്യവസ്ഥകളും അവയിൽ 2023-ൽ വരുത്തിയ ഭേദഗതികളും സംസ്ഥാനങ്ങളുടെ താൽപര്യങ്ങൾ പൂർണ്ണമായി കണക്കിലെടുത്തിട്ടില്ല. രണ്ടാമത്തെ പ്രശ്നം, ഈ നിയമംവഴി (സെക്ഷൻ 16,) ധാതുസമ്പത്തിന്റെ ഖനനത്തിലൂടെ റോയൽറ്റി പൂർണ്ണമായും കേന്ദ്ര സർക്കാരിനുള്ളതാണ്. അതുപോലെ സ്വകാര്യ മേഖലയ്ക്ക് ഖനന സഹായം, പങ്കാളിത്തം നൽകുന്നത് ഒരു പ്രശ്നമായി ഇപ്പോൾ ഉയർന്നുവന്നിട്ടുണ്ട്. ഇതിന്റെയടിസ്ഥാനത്തിൽ മത്സ്യത്തൊഴിലാളികളുടെ ജീവിത ബുദ്ധിമുട്ടുകൾക്ക് ഒരുപാട് പ്രയാസങ്ങൾ നേരിടുന്ന ഒരു ഖനനമാണ് എന്നതുകൊണ്ട്, അവരുടെ സുരക്ഷിതത്വത്തിന്

ഉറപ്പില്ലാത്ത ഒരു വിഷയമായതുകൊണ്ട് അതിശക്തമായ നിലപാട് സംസ്ഥാനം സ്വീകരിക്കേണ്ടതായിട്ടുണ്ട്. അതിന് എൽ.ഡി.എഫ്., യു.ഡി.എഫ്. ഭേദമില്ലാതെ എല്ലാവരും യോജിച്ച് കേന്ദ്ര ഗവൺമെന്റിന്റെ ഈ നിലപാടിനെതിരായിട്ടുള്ള പ്രക്ഷോഭത്തിലേക്ക് വരണമെന്നുതന്നെയാണ് ഗവൺമെന്റിന്റെ നിലപാട്.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, കേന്ദ്ര സർക്കാരിന്റെ New Blue Economy നയത്തിന്റെ ഭാഗമായി കടൽമണൽ ഖനനംമൂലം ഇല്ലാതാകുന്ന മത്സ്യഉൽപ്പാദനം, ഭക്ഷ്യസുരക്ഷ, തീരശോഷണം, തൊഴിൽ നഷ്ടം എന്നിവയൊക്കെ സംസ്ഥാന സർക്കാർ പ്രത്യേകമായി കണക്കാക്കിയിട്ടുണ്ടോ? അതിന് എന്ത് പരിഹാരമാണ് ഇപ്പോൾ നിർദേശിക്കാനുള്ളതെന്ന് വ്യക്തമാക്കാമോ?

ശ്രീ. സജി ചെറിയാൻ: സർ, ഈ പ്രദേശത്തുള്ള കടൽമണൽ ഖനനം നമ്മുടെ നാട്ടിലെ കടൽ, കായൽ മത്സ്യബന്ധന മേഖലയെ പൂർണ്ണമായും ഇല്ലാതാക്കും. അതുപോലെ അനുബന്ധ സൗകര്യങ്ങൾക്കും തീരം കടന്നുവരുന്ന നിരവധി കപ്പലുകൾ, ബോട്ടുകൾ എന്നിവയ്ക്കും സ്വാഭാവികമായും അപകടങ്ങളുണ്ടാകാൻ സാധ്യതയുണ്ട്. അതുപോലെ

മത്സ്യത്തൊഴിലാളികളുടെ തൊഴിൽ നഷ്ടപ്പെടുത്തുന്നതിന് ഹേതുവാകുന്ന കാരണങ്ങൾ വരുന്നുണ്ട്. ഈ പ്രശ്നങ്ങളെല്ലാം സംബന്ധിച്ച് വ്യക്തമായ ധാരണ ഗവൺമെന്റിനുണ്ട്. ആ ധാരണ കേന്ദ്ര ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ട്. അക്കാര്യത്തിൽ ഉറച്ച നിലപാടാണ് സംസ്ഥാന ഗവൺമെന്റിനുള്ളത്. കേരളത്തിലെ മത്സ്യത്തൊഴിലാളികളോടൊപ്പമാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റെന്ന് ആവർത്തിച്ചുപറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ഡോ. മാത്യു കുഴൽനാടൻ: സർ, അങ്ങ് കടൽമണൽ ഖനനം നടത്തുന്നതുമായി ബന്ധപ്പെട്ട് മത്സ്യത്തൊഴിലാളികൾക്കും പ്രദേശത്തുമുണ്ടാകുന്ന വലിയ വിഷയങ്ങളെക്കുറിച്ച് ഇവിടെ പരാമർശിച്ചു. അങ്ങ് മത്സ്യമേഖലയുടെ മന്ത്രികൂടിയാണ്. എന്നാൽ കേന്ദ്രസർക്കാർ ഇതുകൊണ്ടുവന്നപ്പോൾ എതിർക്കുന്നു. നിലവിൽ ആലപ്പുഴ-തോട്ടപ്പള്ളി സ്പിൽവേയുമായി ബന്ധപ്പെട്ട് ഈ സർക്കാർ എൻവയോൺമെന്റൽ ക്ലിയറൻസോ മൈനിംഗ് പ്ലാനോ മറ്റ് സാങ്കേതികമായ പരിജ്ഞാനമോ നടപടികളോ ഇല്ലാതെ 55 ലക്ഷം മെട്രിക് ടൺ മണൽ അവിടെനിന്നും എടുത്തുകൊണ്ടുപോയി. മന്ത്രിയെന്ന നിലയിൽ അതിനെതിരെ അങ്ങ്

എന്തെങ്കിലും പറഞ്ഞിട്ടുണ്ടോ; എന്തുകൊണ്ടാണ് ആ കാര്യത്തിൽ സർക്കാർ നിലപാട് സ്വീകരിക്കാത്തത്?

ശ്രീ. സജി ചെറിയാൻ: സർ, അങ്ങ് മൂവാറ്റുപുഴ പ്രദേശത്ത് താമസിക്കുന്നതുകൊണ്ട് ആലപ്പുഴയെപ്പറ്റി അത്ര വലിയ പിടിയൊന്നുമില്ല. 2018-ലെ പ്രളയം ഏറ്റവും കൂടുതൽ ബാധിച്ച ഒരു സ്ഥലമാണ് പത്തനംതിട്ട-ആലപ്പുഴ ജില്ലയിലെ പ്രദേശങ്ങൾ. 2018-ലെ പ്രളയത്തിന്റെ പ്രധാനപ്പെട്ട കാരണം തോട്ടപ്പള്ളി സ്പിൽവേയിലെ അടിഞ്ഞുകൂടിയ മണൽ മാറ്റാതിരുന്നതാണെന്നാണ് പഠനത്തിൽ കണ്ടെത്തിയത്. അങ്ങനെ കണ്ടെത്തിയതിനുശേഷം (2018-നുശേഷം) അടിഞ്ഞുകൂടിയ മണൽ മാറ്റിത്തുടങ്ങി. അടിഞ്ഞുകൂടിയ മണൽ മാറ്റാതെ അപ്പർ കുട്ടനാട്, ഓണാട്ടുകര എന്നീ പ്രദേശങ്ങളിലെ ജനങ്ങൾക്ക് ജീവിക്കാൻ കഴിയില്ല. ഈ വസ്തുത നിങ്ങൾ എന്തിനാണ് എതിർക്കുന്നത്; നിങ്ങൾ യഥാർഥത്തിൽ ഞങ്ങൾക്ക് എതിരായിട്ടാണ് സംസാരിക്കുന്നത്. ഇനി അങ്ങനെ പറയരുത്. ഞങ്ങൾ തോട്ടപ്പള്ളി ഭാഗത്തുനിന്നും ഒരു അനധികൃത ഖനനവും നടത്തിയിട്ടില്ല. ഒരു അനധികൃത ഖനനത്തിനും നമ്മുടെ സർക്കാർ തീരുമാനിച്ചിട്ടുമില്ല എന്നതാണ് വസ്തുത.

<u>ഡോ. സുജിത് വിജയൻപിള്ള</u>: സർ, നിലവിൽ കാലാവസ്ഥാ വ്യതിയാനംകൊണ്ടും മറ്റ് പലകാരണങ്ങളാലും മത്സ്യബന്ധന മേഖല വലിയ പ്രതിസന്ധിയാണ് നേരിടുന്നത്. മത്സ്യലഭ്യതയിലെ കുറവ്, ഡീസൽ വില അടിക്കടി വർധിക്കുന്നത് എന്നിവയുമായി ബന്ധപ്പെട്ട് ഇത് ലാഭകരമല്ലാത്ത ഒരു വ്യവസായമായി മാറിക്കൊണ്ടിരിക്കുന്നതിനിടയ്ക്കാണ് കടൽമണൽ ഖനനം നടത്താൻ പ്രഖ്യാപിച്ചിരിക്കുന്നത്. ഇത് മത്സ്യബന്ധനമേഖലയെ സമഗ്രമായിത്തന്നെ ബാധിക്കും. ഇതിനായി എന്തെങ്കിലും പഠനം സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടുണ്ടോ?

<u>ശ്രീ. സജി ചെറിയാൻ</u>: സർ, സംസ്ഥാന ഗവൺമെന്റിന്റെ അധികാര പരിധി 12 നോട്ടിക്കൽ മൈലിനുള്ളിലാണ്. എന്നാൽ 12 നോട്ടിക്കൽ മൈൽ കഴിഞ്ഞതിനുശേഷമാണ് ഇപ്പോൾ ഖനനം പ്രഖ്യാപിച്ചിട്ടുള്ളത്. 12-നുശേഷം, അതായത് 16 മുതൽ 30 വരെയാണ് പറഞ്ഞിരിക്കുന്നത്. ഇന്നത്തെ പരിതസ്ഥിതിയിൽ അത് നമ്മുടെ അധികാരപരിധിയിൽ വരാത്തതുകൊണ്ട് അവിടെ പര്യവേഷണം/പഠനം നടത്താൻ സാധിക്കില്ല. എന്നാൽ ഈ പ്രശ്നം കേരളത്തെ എങ്ങനെ ബാധിക്കുമെന്നുള്ള കാര്യം ഞാൻ ആമുഖമായി സൂചിപ്പിക്കുകയുണ്ടായി. ഇവിടത്തെ മത്സ്യത്തൊഴിലാളികളുടെ

ജീവിതം തകർക്കുന്ന, അവരുടെ നിലനിൽപ്പിനെ ചോദ്യം ചെയ്യുന്ന ഒരു വിഷയമെന്ന നിലയിൽ ഈ പ്രശ്നത്തെ നമ്മൾ ഗൗരവമായി കാണുകയാണ്. അക്കാര്യം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിക്കഴിഞ്ഞു. വേണ്ടിവന്നാൽ മത്സ്യത്തൊഴിലാളികളെ യോജിപ്പിച്ചുകൊണ്ട്, എല്ലാവരും ചേർന്നുകൊണ്ടുള്ള പ്രക്ഷോഭത്തിലേക്ക് പോകേണ്ട സ്ഥിതിയിലേക്കാണ് കാര്യങ്ങൾ എത്തിയിട്ടുള്ളത്. ഒരു കാരണവശാലും ഇപ്പോൾ പ്രഖ്യാപിച്ചിട്ടുള്ള കൊല്ലം അടക്കമുള്ള പ്രദേശത്തെ ഖനനം അനുവദിക്കാൻ കഴിയുന്ന കാര്യമല്ലെന്ന് വ്യക്തമായി ഈ സഭയിൽ പറയാൻ ആഗ്രഹിക്കുകയാണ്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, അങ്ങ് നേരത്തെ പറഞ്ഞ കാര്യത്തിൽ വസ്തുതാപരമായൊരു വ്യത്യാസമുണ്ടോയെന്ന് പരിശോധിക്കണം. തോട്ടപ്പള്ളി സ്പിൽവേയിലെ കരിമണൽ ഖനനം ചെയ്യാത്തതുകൊണ്ടാണ് ഓണാട്ടുകര ഭാഗത്ത് വെള്ളം പൊങ്ങുന്നതെന്നാണ് അങ്ങ് പറഞ്ഞത്. ഓണാട്ടുകര ഭാഗത്ത് വെള്ളം പൊങ്ങാനുള്ള പ്രധാന കാരണം വേമ്പനാട്ടുകായലിലെ ഡെപ്ത് കൂടാത്തതാണ്. അവിടെയാണ് ഖനനം നടക്കേണ്ടത്. എന്നാൽ അതിന്റെ പേരുപറഞ്ഞ് തോട്ടപ്പള്ളി ഭാഗത്തുനിന്ന് കരിമണൽ ഖനനം ചെയ്യുന്നതിന് ഒരു വളഞ്ഞവഴി

സ്വീകരിക്കുന്നത് ശരിയല്ലെന്ന കാര്യം ഞാൻ അങ്ങയെ ഓർമ്മിപ്പിച്ചുവെന്നേയുള്ളൂ. അങ്ങ് അതിലും ചേരുമെന്ന് ഞാൻ കരുതുകയാണ്. കരിമണൽ ഖനനം സംബന്ധിച്ച് സംസ്ഥാന ഗവൺമെന്റ് എടുക്കുന്ന നയമെന്താണെന്നതാണ് പ്രധാനപ്പെട്ട പ്രശ്നം. ആ നയം കൃത്യമായി ഈ സഭയിൽ പറയാൻ അങ്ങേയ്ക്ക് കഴിയുമോ?

<u>ശ്രീ. സജി ചെറിയാൻ</u>: സർ, കരിമണൽ ഖനനവും തോട്ടപ്പള്ളി ഖനനവും രണ്ടും രണ്ടാണ്. അങ്ങ് വളരെ പരിണതപർജ്ഞനായ ഒരു ജനപ്രതിനിധിയാണ്. തോട്ടപ്പള്ളി സ്പിൽവേയിൽ അടിഞ്ഞുകൂടിയ മണൽ മാറ്റിയശേഷമാണ് വെള്ളപ്പൊക്കത്തിൽനിന്ന് 2019 മുതൽ 2025 വരെയുള്ള കാലത്ത് ഞങ്ങൾ രക്ഷപ്പെട്ടത്. ഓണാട്ടുകര മാത്രമല്ല, അപ്പർ കുട്ടനാട്, കുട്ടനാട്, പത്തനംതിട്ട അടക്കമുള്ള മലയോര മേഖലയുൾപ്പെടെ വെള്ളപ്പൊക്കത്തിൽനിന്നും രക്ഷപ്പെട്ടതിന്റെ കാരണം വെള്ളം ഒഴുകിപോയതുകൊണ്ടാണ്. ഞാൻ അങ്ങയോട് ഒരു ചോദ്യം ചോദിച്ചോട്ടേ; ഈ പൊഴിയിൽനിന്നല്ലാതെ ഒരു നുള്ള് കരിമണൽ അവിടെനിന്ന് ഗവൺമെന്റ് എടുത്തുവെന്ന് അങ്ങേയ്ക്ക് തെളിയിക്കാമോ? ഞാൻ അങ്ങയെ വെല്ലുവിളിക്കുകയാണ്.

<u>ശ്രീ. എച്ച്. സലാം</u>: സർ, 2002-ലെ Offshore Areas Mineral (Development & Regulation) Act-ന്റെ ഭേദഗതിയിലൂടെ കടൽമണൽ ഖനനത്തിന് കേന്ദ്ര ഗവൺമെന്റ് സ്വകാര്യമേഖലാ പങ്കാളിത്തം കൊണ്ടുവന്നിരിക്കുകയാണ്. എന്റെ നിയോജകമണ്ഡലമായ അമ്പലപ്പുഴ മുതൽ വർക്കലവരെ നിലവിൽ ടെൻഡറിലേക്ക് പോകുകയാണ്. ഇവിടെ മൂവാറ്റുപുഴ അംഗവും ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും തോട്ടപ്പള്ളിയെക്കുറിച്ച് പറഞ്ഞത് വസ്തുതാവിരുദ്ധമായ കാര്യമാണ്. തോട്ടപ്പള്ളി സ്പിൽവേ 320 മീറ്റർ വീതിയാണ്. പണ്ട് പൊഴി തുറന്നുവിട്ടിരുന്നത് 60 മീറ്റർ മാത്രമാണ്. പ്രളയത്തിന്റെ സന്ദർഭത്തിൽ സയന്റിഫിക് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തോട്ടപ്പള്ളിയിൽ, പൂർണ്ണമായും അതേ വീതിയിൽതന്നെ പൊഴി മുറിക്കണമെന്നൊരു തീരുമാനം കൈക്കൊള്ളുകയും അതിന്റെ ഭാഗമായി കിഴക്കൻ വെള്ളം സമുദ്രത്തിലേക്ക് കടക്കാൻ കഴിയുന്ന നിലയിലേക്ക് വന്നൊരുകാര്യമാണ്. കടലിന്റെ അടിത്തട്ടിലുള്ള ധാതുഖനനത്തെയും ഇതുമായി ഒരുമിച്ച് ചേർത്തുവച്ച് തെറ്റായി പറയുകയാണ്. ആ പൊഴിമുഖത്തെ മണ്ണുമാറ്റുന്നതും കടലിന്റെ അടിത്തട്ടിലെ ഖനനവുമായി ഒരുപോലെ അവതരിപ്പിക്കുന്നത് ശരിയല്ല.

മി. സ്പീക്കർ: യെസ്..... അതിന്റെ ഉത്തരം മിനിസ്റ്റർ പറഞ്ഞോളും.....ചോദ്യത്തിലേക്ക് വരൂ....

ശ്രീ. എച്ച്. സലാം: സർ, കടലിന്റെ അടിത്തട്ടിലെ ഖനനംമൂലം ഏതെല്ലാം മത്സ്യയിനങ്ങൾക്ക് ഈ പ്രയാസമുണ്ടാകുമെന്നുള്ളതാണ് എന്റെ ചോദ്യം?

ശ്രീ. സജി ചെറിയാൻ: സർ, ഇതിന്റെ പ്രശ്നം കേന്ദ്രസർക്കാർ പുതിയ നിയമനിർമ്മാണ പ്രകാരം നടത്താൻ ഉദ്ദേശിക്കുന്ന കടലിന്റെ അടിത്തട്ടിലെ ധാതുഖനനം ടെറിട്ടോറിയൽ മേഖല, പ്രത്യേക സാമ്പത്തിക മേഖല, ആഴക്കടൽ മേഖല എന്നിവിടങ്ങളിലാണ് നടക്കുന്നത്. ഈ പ്രദേശത്തുള്ള കടൽ ഖനനം കേരള തീരത്ത് ലഭ്യമായ കരിക്കാടി, സാന്റ്ലോബ്സ്റ്റർ, കലവ, പല്ലിക്കോര, പൂവാലൻ, പുല്ലൻ ചെമ്മീൻ, ചാള, അയല, നെത്തോളി, കണവ, കുന്തൽ തുടങ്ങിയ കയറ്റുമതി പ്രാധാന്യവും ആഭ്യന്തര ഉപയോഗത്തിൽ പ്രധാനപ്പെട്ടതുമായ മത്സ്യങ്ങളുടെ ലഭ്യതയെ കാര്യമായി ബാധിക്കും, മത്സ്യലഭ്യതയിൽ കുറവുണ്ടാകുമെന്നുതന്നെയാണ് ഗവൺമെന്റ് വിലയിരുത്തുന്നത്.

ശ്രീമതി ദെലീമ: സർ, കേന്ദ്രസർക്കാരിന്റെ ആഴക്കടൽ തീരക്കടൽ

മണൽ ഖനനംമൂലം മത്സ്യത്തൊഴിലാളികളുടെ ജീവിതം വലിയ അപകടത്തിലാകാൻ സാധ്യതയില്ലേ?

ശ്രീ. സജി ചെറിയാൻ: സർ, മത്സ്യത്തൊഴിലാളികളുടെ ജീവിതം അപകടത്തിലേക്ക് പോകുന്നുവെന്നുള്ളതിന്റെ കാരണമാണല്ലോ ഞാൻ പറഞ്ഞത്. ഈ പ്രദേശത്തുള്ള കടൽ ഖനനം നമ്മുടെ നാട്ടിലെ കടൽ, കായൽ മത്സ്യബന്ധന മേഖലയെ ഗുരുതരമായി ബാധിക്കും. അതിന്റെ ഭാഗമായി മത്സ്യത്തൊഴിലാളികളുടെ ജീവിതം നേരിട്ട് അപകടത്തിലാകുന്നില്ലെങ്കിലും മത്സ്യബന്ധനത്തിൽ കുറവുവരുന്നതിലൂടെ അവരുടെ വരുമാനത്തിൽ ഗണ്യമായ പ്രത്യാഘാതമുണ്ടാകുകയും അവരുടെ സാമ്പത്തികസ്ഥിതിയെ ബാധിക്കുകയും ചെയ്യും. കടൽ ഖനനത്തിനും മറ്റ് അനുബന്ധ പ്രവർത്തനങ്ങൾക്കുമായി എത്തുന്ന കൂറ്റൻ കപ്പലുകളും ബോട്ടുകളും മത്സ്യബന്ധന യാനങ്ങളുടെ സഞ്ചാരത്തിന് തടസ്സം സൃഷ്ടിക്കുകയും മത്സ്യബന്ധത്തിന് അസൗകര്യം സൃഷ്ടിക്കുകയും തീരക്കടലിൽ പ്രവർത്തിക്കുന്ന മത്സ്യത്തൊഴിലാളികളുടെ യാനങ്ങളുടെ സുരക്ഷയെ നേരിട്ട് ബാധിക്കുകയും അവരുടെ തൊഴിലിടങ്ങൾ നഷ്ടമാകുന്നതിന് ഹേതുവാകുകയും ചെയ്യും. അടിത്തട്ടിലെ ധാതുഖനനം കടലിനെയും

ഉൾനാടൻ ജലാശയങ്ങളുടെയും മത്സ്യഉൽപാദനം ഗണ്യമായി കുറയ്ക്കാൻ കാരണമാകും. താരതമ്യേന വിലകുറഞ്ഞ മത്സ്യമാംസ്യ സ്രോതസ്സായ മത്സ്യത്തിന്റെ ലഭ്യതക്കുറവ് പൊതുജനാരോഗ്യത്തെ നേരിട്ട് ബാധിക്കുകയും ചെയ്യും. അടിഞ്ഞുകൂടിയ വിഷവാതകങ്ങളെ സ്വതന്ത്രമാക്കുന്നതിനിടയാക്കുകയും ഇത് കടൽജലത്തിന്റെ മലിനീകരണത്തിനും അതുപോലെ മത്സ്യങ്ങളുൾപ്പെടെയുള്ള ജീവജാലങ്ങളുടെ വ്യാപകമായ നാശത്തിനും കാരണമാകും. അങ്ങനെ മത്സ്യമേഖലയെ മൊത്തത്തിൽ ബാധിക്കുന്ന ഒരു പ്രധാനപ്പെട്ട പ്രശ്നമാണിതെന്ന് ഗവൺമെന്റ് കാണുന്നു.

ശ്രീ. തോമസ് കെ. തോമസ്: സർ, അങ്ങ് പറഞ്ഞതുപോലെ, ഉൾനാടൻ മത്സ്യത്തൊഴിലാളികളെ സംരക്ഷിക്കുന്ന ഒരു സംവിധാനമുണ്ട്. മത്സ്യമില്ലാതെ എങ്ങനെ മത്സ്യം പിടിക്കാൻ കഴിയും. അതിനാൽ വേമ്പനാട്ടുകായലിൽ അതിനുള്ളൊരു സംവിധാനമൊരുക്കണം. കാരണം വളരെ ബുദ്ധിമുട്ടാണ്, ഇവിടെ പറഞ്ഞപോലെ മത്സ്യം ലഭിക്കുന്നില്ല, മത്സ്യത്തിന് വളർച്ചയില്ല, കൂടാതെ പ്രത്യേകിച്ച് പോള കയറി തിങ്ങിയിരിക്കുകയാണ്. ഇതിനൊരു അടിസ്ഥാന സൗകര്യം ഒരുക്കാനുള്ള

നടപടി സ്വീകരിക്കുമോ?

ശ്രീ. സജി ചെറിയാൻ: സർ, സംസ്ഥാന ഗവൺമെന്റിനുവേണ്ടി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ബജറ്റിൽ വേമ്പനാട്ടു കായലിന്റെ നവീകരണത്തിനുള്ള തുക വകയിരുത്തിയിട്ടുണ്ട്. ഒരു ജനകീയ പ്രസ്ഥാനമാക്കിയെടുത്ത് വേമ്പനാട്ട് കായലിനെ നവീകരിക്കുന്നതിന് എല്ലാ വകുപ്പുകളും ഏകോപിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനത്തിന് ഗവൺമെന്റ് മുൻകൈയെടുക്കുമെന്ന കാര്യം പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

**ഇറിഗേഷൻ ടൂറിസം പദ്ധതി**

(*64) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ശ്രീ. ജോബ് മൈക്കിൾ:
ശ്രീ. പ്രമോദ് നാരായൺ:
ഡോ. എൻ. ജയരാജ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക്

ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിഭവ വകുപ്പിന്റെ ആഭിമുഖ്യത്തിലുള്ള ഇറിഗേഷൻ ടൂറിസം പദ്ധതിയുടെ വിശദാംശം അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതി എവിടെയെങ്കിലും പ്രാവർത്തികമായിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) ഇറിഗേഷൻ ടൂറിസം പദ്ധതിയുടെ നടത്തിപ്പിനും

മേൽനോട്ടത്തിനുമായി ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്; പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച മാനദണ്ഡങ്ങൾ അറിയിക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, (എ) ജലവിഭവ വകുപ്പിന് കീഴിലുള്ള അണക്കെട്ടുകളും മറ്റ് ജലസേചന നിർമ്മിതികളും അതിനോടനുബന്ധിച്ച സ്ഥലങ്ങളും വിനോദസഞ്ചാര കേന്ദ്രങ്ങളായി വികസിപ്പിക്കുവാൻ ഉദ്ദേശിക്കുന്ന ഒരു പദ്ധതിയാണ് ഇറിഗേഷൻ ടൂറിസം പദ്ധതി. ഈ പദ്ധതിയിലൂടെ പൊതുജനങ്ങൾക്ക് കൂടുതൽ ഗുണമേന്മയുള്ള ടൂറിസം സൗകര്യങ്ങൾ നൽകുന്നതോടൊപ്പം സർക്കാരിലേക്ക് കൂടുതൽ വരുമാനം ലഭ്യമാകുകയും അതിന്റെ വരുമാനം ഉപയോഗിച്ച് ആസ്തികളുടെ സൗന്ദര്യവൽക്കരണവും അറ്റകുറ്റപ്പണികളും നടത്താനും സാധിക്കും.

ജലവിഭവ വകുപ്പിന് കീഴിലുള്ള പല വിനോദസഞ്ചാര കേന്ദ്രങ്ങളും സ്ഥിരമായ വരുമാനമാർഗങ്ങൾ എന്ന നിലയിൽ മികച്ച വിജയം നേടിയതിന്റെ അടിസ്ഥാനത്തിലും വകുപ്പിന് കീഴിലുള്ള അണക്കെട്ടുകളും അനുബന്ധ സംവിധാനങ്ങളും കേന്ദ്രീകരിച്ച് ടൂറിസം സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന്റെ ഭാഗമായി പൊതു-സ്വകാര്യ

പങ്കാളിത്തത്തിലൂടെ എറണാകുളം ജില്ലയിലെ ഭൂതത്താൻകെട്ട് ബാരേജിൽ ₹25.412 കോടി രൂപയും പാലക്കാട് ജില്ലയിലെ കാഞ്ഞിരപ്പുഴ ഡാമിൽ ₹161.00 കോടി രൂപയും ' ഇറിഗേഷൻ-ടൂറിസം' പദ്ധതി നടപ്പിലാക്കാനുള്ള സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ആയതിന്റെയടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

ഭൂതത്താൻകെട്ട് ബാരേജ് ഇറിഗേഷൻ ടൂറിസം പദ്ധതിയിലൂടെ ലഭിക്കുന്ന വരുമാനത്തിന്റെ 5 ശതമാനവും കാഞ്ഞിരപ്പുഴ ഡാം ഇറിഗേഷൻ ടൂറിസം പദ്ധതിയിലൂടെ ലഭിക്കുന്ന വരുമാനത്തിന്റെ 3 ശതമാനവും സർക്കാരിന് ലഭിക്കും. 30 വർഷമാണ് ഇരുപദ്ധതികളുടെയും നടത്തിപ്പ് കാലയളവ്. പ്രസ്തുത പദ്ധതികൾ കൂടാതെ ഇടുക്കി ജില്ലയിലെ കാഞ്ഞാർ ഇറിഗേഷൻ ടൂറിസം പദ്ധതി ആവിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) നിലവിൽ ഇറിഗേഷൻ ടൂറിസം പദ്ധതിയെങ്ങും പ്രാവർത്തികമായിട്ടില്ല.

(സി) ഇറിഗേഷൻ ടൂറിസം പദ്ധതികൾ ആവിഷ്കരിക്കുന്നതിന്റെ ഭാഗമായി ജലവിഭവ വകുപ്പിന് കീഴിലുള്ള പൊതുമേഖല സ്ഥാപനമായ

കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് കോർപ്പറേഷനെ (കെ.ഐ.ഐ.ഡി.സി.) ഇറിഗേഷൻ-ടൂറിസം പദ്ധതികൾ പ്രാവർത്തികമാക്കാൻവേണ്ടിയുള്ള നോഡൽ ഏജൻസിയായി നിയോഗിച്ചിട്ടുണ്ട്. അതാത് ഡാമിന്റെ ചാർജ്ജുള്ള എക്സിക്യൂട്ടീവ് എഞ്ചിനീയറാണ് ആ പ്രദേശം സംബന്ധിച്ചുള്ള ഇറിഗേഷൻ ടൂറിസം നോഡൽ ഓഫീസർ. അദ്ദേഹത്തിന്റെ മേൽനോട്ടത്തിലാണ് പദ്ധതികൾ നടപ്പിലാക്കുന്നത്. മാത്രമല്ല ‘ ഇറിഗേഷൻ ടൂറിസം’ പദ്ധതി നടപ്പിലാക്കുന്നതിലേക്കായി മാർഗനിർദേശങ്ങൾക്ക് രൂപരേഖ നൽകിയിട്ടുണ്ട്.

ജലസേചന വകുപ്പിന്റെ സുഗമമായ പ്രവർത്തനത്തിനും ഭാവി ആവശ്യങ്ങൾക്കും തടസ്സങ്ങൾ വരുന്നില്ലെന്ന് ഉറപ്പാക്കി പ്രസ്തുത പദ്ധതിയിൽനിന്ന് ലഭിക്കുന്ന വരുമാനം സംബന്ധിച്ച് കൃത്യമായ കണക്കുകൾ സൂക്ഷിക്കുന്നതിനും വരുമാനം പങ്കിടുന്നത് സംബന്ധിച്ച രേഖകൾ കൃത്യമായി പാലിക്കപ്പെടുന്നുണ്ടോയെന്നും ഉറപ്പുവരുത്തുന്നത് ജലസേചന വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയറാണ്. ഇതിനായി തുറക്കുന്ന അക്കൗണ്ട് ഒരു ദേശസാൽകൃത ബാങ്കിൽ ആയിരിക്കേണ്ടതും ആയത്

എക്സിക്യൂട്ടീവ് എഞ്ചിനീയറും ടിയാൾ ചുമതലപ്പെടുത്തുന്ന മറ്റൊരു ഉദ്യോഗസ്ഥന്റെയും കൂട്ടായ കൈയ്യൊപ്പുകളോടെ Transaction നടത്താവുന്നതുമാണ്.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, ഇറിഗേഷൻ ടൂറിസം നയം ആവിഷ്കരിച്ചിരിക്കുന്നത് എന്തുകൊണ്ടും അഭിനന്ദനാർഹവും നമ്മുടെ സംസ്ഥാനത്തെ ടൂറിസം മേഖലയ്ക്ക് വലിയ മുതൽക്കൂട്ടുമാണ്. ഈ രംഗത്ത് സാധ്യതയുള്ള എല്ലായിടത്തും സ്വകാര്യ സംരംഭകരെക്കൂടി ഭാഗഭാക്കാക്കി പി.പി.പി. മോഡലിൽ ബൃഹത്തായ രൂപത്തിൽ സംസ്ഥാനത്ത് ഇറിഗേഷൻ ടൂറിസം നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. റോഷി അഗസ്റ്റിൻ: സർ, തീർച്ചയായും ഇറിഗേഷൻ ടൂറിസവുമായി ബന്ധപ്പെട്ട് പങ്കാളിത്തത്തോടെയുള്ള പി.പി.പി. മോഡലിലുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നതിൽ തടസ്സമില്ല. അത് ഇറിഗേഷൻവക സ്ഥലവും അനുബന്ധ സൗകര്യങ്ങളെയും പ്രയോജനപ്പെടുത്തിയാണ് നടപ്പിലാക്കുന്നത്. അതിനാവശ്യമായ നിലയിൽ പരിശോധന നടത്തി ഏത് പ്രോജക്ടാണ് അനുയോജ്യമാണെന്നുള്ള പഠനങ്ങൾക്കുശേഷം, പി.പി.പി. മോഡലിൽ പദ്ധതികൾ നടപ്പാക്കുന്നതിന് യാതൊരു തടസ്സവുമില്ല. അങ്ങനെതന്നെ

നടത്താനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിന് കീഴിലുള്ള, ഡാമുകളോട് അനുബന്ധിച്ച് മലങ്കര ഡാമിലുള്ളതുപോലെ ഉദ്യാനങ്ങൾ എല്ലായിടത്തും സ്ഥാപിക്കുന്നതിനും ലൈറ്റ് ഷോ ഉൾപ്പെടെ കൊണ്ടുവന്ന് സഞ്ചാരികളെ ആകർഷിക്കത്തക്ക നിലയിലുള്ള പദ്ധതികൾ ആവിഷ്കരിച്ചുകൊണ്ട്, എല്ലാ ഡാമുകളോടും അനുബന്ധിച്ച് ഇറിഗേഷൻ ടൂറിസം പ്രോത്സാഹിപ്പിക്കുകയും ഉദ്യാനങ്ങൾ ക്രമീകരിക്കുകയും ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. റോഷി അഗസ്റ്റിൻ: സർ, നിലവിൽ ഇറിഗേഷൻ വക ഡാം, റിസർവോയർ, ബാരേജുകൾ എന്നിവയുടെ പരിസരങ്ങളിൽ ടൂറിസം സംബന്ധമായി നടത്തേണ്ട പ്രവർത്തനങ്ങൾക്കാണ് മുൻഗണന നൽകുന്നത്. അതുകൊണ്ട് അത്തരം കാര്യങ്ങളിൽ ബുദ്ധിമുട്ടില്ല. ഭൂതത്താൻകെട്ടും കാഞ്ഞിരപ്പുഴയും ഇപ്പോൾ ഡാമിനോട് അനുബന്ധമായിട്ടാണ്, നിലവിൽ എടുത്തിട്ടുള്ള പദ്ധതികളും അങ്ങനെയാണ് ആരംഭിക്കാനുദ്ദേശിക്കുന്നത്. നിയമസഭാ നിയോജകമണ്ഡലങ്ങളിൽ ഇത്തരം സാധ്യതകൾ പ്രയോജനപ്പെടുത്താൻ ഉതകുന്ന ഏതെങ്കിലും പദ്ധതികളുണ്ടെങ്കിൽ അതത്

എം.എൽ.എ.-മാർ അക്കാര്യം ശ്രദ്ധയിൽപ്പെടുത്തിയാൽ അവിടെ ഇത്തരം കാര്യങ്ങൾ പരിശോധിച്ച് വ്യാപകമായി ഇറിഗേഷൻ ടൂറിസത്തിന്റെ ഭാഗമായ പദ്ധതികൾ വിവിധ തലങ്ങളിൽ ചെറുതും വലുതുമായി നടപ്പിലാക്കി പെട്ടെന്ന് ജനങ്ങൾക്ക് പ്രയോജനപ്പെടുന്ന നടപടികൾ സ്വീകരിക്കാവുന്നതാണ്.

ശ്രീ. ജോബ് മൈക്കിൾ: സർ, ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ ചങ്ങനാശ്ശേരി-ആലപ്പുഴ എ.സി. റോഡ് ഏകദേശം 700 കോടിയിലധികം രൂപ മുടക്കി പൂർത്തിയാക്കിക്കൊണ്ടിരിക്കുകയാണ്. ഈ റോഡിലെ എ.സി. കനാലിന് അഭിമുഖമായി യാത്രക്കാരെ ആകർഷിക്കുംവിധം വിവിധ ടൂറിസം പദ്ധതികൾ ഉൾപ്പെടുത്തി മനക്കച്ചിറ ടൂറിസം യാഥാർത്ഥ്യമാക്കാൻവേണ്ട കാര്യങ്ങൾ ചെയ്യുമോ?

ശ്രീ. റോഷി അഗസ്റ്റിൻ: സർ, ചങ്ങനാശ്ശേരി -ആലപ്പുഴ എ.സി. റോഡും എ.സി. കനാലും സൗന്ദര്യപരമായി ഏറ്റവും മനോഹരവുമായ ഒരു പ്രദേശമാണ്. അവിടെ ടൂറിസം സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനാണ് മനക്കച്ചിറ ടൂറിസം പദ്ധതി. ഡി.റ്റി.പി.സി. (ഡിസ്ട്രിക്ട് ടൂറിസം പ്രൊമോഷൻ

കൗൺസിൽ) ആണ് അത് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. അതിനാവശ്യമായ എല്ലാ സഹായങ്ങളും സാങ്കേതികപരമായി ഇറിഗേഷൻ വകുപ്പ് നൽകുന്നുണ്ട്. അതോടൊപ്പം അവിടത്തെ പോളകളും അനുബന്ധ അസൗകര്യങ്ങളും മാറ്റി അത് മെച്ചപ്പെടുത്താനും വിപുലീകരിക്കുന്നതിനുമായി ടൂറിസം ഡിപ്പാർട്ടുമെന്റുമായി കൂടിയാലോചിക്കും. ഇറിഗേഷൻ വകുപ്പ് സാധ്യമായ എല്ലാ കാര്യങ്ങളും ചെയ്യുകയും അതിനാവശ്യമായ നടപടികളുമായി മുന്നോട്ടുപോകുന്നതിന് ബഹുമാനപ്പെട്ട ടൂറിസം മന്ത്രിയുമായി ആലോചിച്ച് ഭാവി പരിപാടികൾ ആവിഷ്കരിക്കാവുന്നതുമാണ്.

<u>ശ്രീ. പ്രമോദ് നാരായൺ</u>: സർ, ശബരിമലയുടെ ചരിത്രത്തിൽ ആദ്യമായി നിലയ്ക്കൽ നേരിട്ട് കുടിവെള്ളമെത്തിക്കാൻ തീർത്ത ബൃഹത്തായ സംഭരണികളോട് ചേർന്ന ചെറുവള്ളിക്കാവ് ക്ഷേത്രത്തിനും ഗോശാലയ്ക്കും സമീപം തീർഥാടകർക്കായി ഭക്ഷണശാലയ്ക്കും താമസസൗകര്യത്തിനും സൗകര്യം ഒരുക്കുന്നതിനും വനത്തിന്റെ നടുവിൽ ജലസംഭരണിയുടെ ഹൃദയഹാരിയായ ദൃശ്യാനുഭവം തീർക്കുന്ന മണിയാർ ടൂറിസം പദ്ധതിക്ക് ടൂറിസം വകുപ്പിന് ആവശ്യമായ പിന്തുണ നൽകുന്നതിനും നടപടി സ്വീകരിക്കുമോ?

<u>ശ്രീ. റോഷി അഗസ്റ്റിൻ</u>: സർ, ഏറ്റവും പ്രധാനപ്പെട്ട കാര്യം ശബരിമലയിൽ നിലയ്ക്കൽ കുടിവെള്ളം എത്തിക്കാൻ കഴിഞ്ഞുവെന്നതാണ്. ഇക്കാലമത്രയും അതിനുള്ള സൗകര്യം ഇല്ലായിരുന്നു, ആദ്യമായാണ് ശബരിമലയിൽ കുടിവെള്ള സൗകര്യം എത്തുന്നത്. വർഷംതോറും ഏകദേശം 4.25 കോടി രൂപ ചെലവാക്കിക്കൊണ്ട് ടാങ്കർ ലോറിയിൽ വെള്ളം എത്തിച്ചുകൊണ്ടിരുന്ന ഒരു സ്ഥലമായിരുന്നു. നിലയ്ക്കൽവരെ കുടിവെള്ളം എത്തിക്കാൻകഴിഞ്ഞു എന്നതുകൊണ്ടാണ് ഇപ്പോൾ പത്തനംതിട്ടയിലെ നിലയ്ക്കൽ ബേസ് ക്യാമ്പിലുള്ള പള്ളിയറക്കാവ്, ഗോശാല, ബി.എസ്.എൻ.എൽ. എന്നിവിടങ്ങളിലെ ജലവിതരണ ഘടകങ്ങളിൽ സംഭരണം നടത്തുന്നത്. അതിനനുബന്ധമായി ഏതാണ്ട് ഒരു ഗസ്റ്റ് ഹൗസ് പോലെതന്നെയുള്ള അറുപതോളം മുറികൾ നൽകാനും സാധിക്കും. ഭക്ഷണശാലയും അനുബന്ധ സൗകര്യങ്ങളും ഉൾപ്പെടെയുള്ള പ്രവൃത്തികൾ ഈ വരുന്ന മാർച്ച്-ഏപ്രിൽ മാസങ്ങളാകുമ്പോഴേയ്ക്കും പൂർത്തീകരിക്കാൻ സാധിക്കും. പണി പൂർത്തീകരിച്ചുകഴിഞ്ഞാൽ അതിന്റെ ഉദ്ഘാടനം ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിലയ്ക്കൽ എത്തിച്ചേർന്ന് നിർവ്വഹിക്കുന്നതായിരിക്കും.

ഡോ. എൻ. ജയരാജ്: സർ, ഇറിഗേഷൻ മേഖലയിൽ വളരെ നൂതനമായ പദ്ധതികൾ ആവിഷ്കരിക്കുന്ന പ്രിയപ്പെട്ട വകുപ്പുമന്ത്രിയെ പ്രത്യേകമായി അഭിനന്ദിക്കുകയാണ്. കാഞ്ഞിരപ്പള്ളി കരിമ്പുകയത്ത് വർഷങ്ങൾക്കുമുമ്പ് ജലോത്സവം നടത്തപ്പെട്ടിട്ടുണ്ട്, ബഹുമാനപ്പെട്ട വകുപ്പുമന്ത്രി ആ സ്ഥലം നേരിട്ട് സന്ദർശിച്ചതുമാണ്. പ്രസ്തുത സ്ഥലത്ത് ജലസേചന വകുപ്പ് കുറച്ചധികം നവീകരണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെങ്കിലും ഇപ്പോൾ ഫണ്ടിന്റെ കുറവ് അനുഭവപ്പെടുന്നുണ്ട്. ടൂറിസം മേഖലയിൽ വളരെ പിന്നാക്കം നിൽക്കുന്ന മേഖലയാണ് കാഞ്ഞിരപ്പള്ളി. നവീകരണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് കരിമ്പുകയം ടൂറിസം പദ്ധതി വിജയപ്രദമായി നടപ്പാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. റോഷി അഗസ്റ്റിൻ: സർ, കരിമ്പുകയം ടൂറിസം പദ്ധതി നടപ്പിലാക്കാൻ സാധിക്കുന്നതാണ്. ഒന്നേകാൽ കോടി രൂപയോളം ചെലവഴിച്ചുകൊണ്ടുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾത്തന്നെ അവിടെ നടക്കുന്നുണ്ട്, അനുബന്ധമായി പണം കണ്ടെത്തേണ്ടതുണ്ട്. പദ്ധതി എങ്ങനെ വിപുലീകരിക്കാൻ കഴിയുമെന്നത് ആലോചിക്കേണ്ട കാര്യമാണ്.

പദ്ധതി ഏറ്റെടുക്കാൻ മുനിസിപ്പാലിറ്റിയോ ഗ്രാമപഞ്ചായത്തോ തയ്യാറാകുകയാണെങ്കിൽ അവരുമായിക്കൂടി സഹകരിച്ചുകൊണ്ട് പദ്ധതി നടപ്പിലാക്കുന്ന കാര്യവും നേരത്തേ പറഞ്ഞപോലെ, വർഷംതോറും അവിടെ നടന്നിരുന്ന വള്ളംകളി ഉൾപ്പെടെ പുനരുജ്ജീവിപ്പിക്കാൻ കഴിയുന്ന സാഹചര്യം ഇപ്പോഴുണ്ടോയെന്നതും പരിശോധിക്കാം. ഏതായാലും കരിമ്പുകയം ടൂറിസം പദ്ധതി ഇറിഗേഷൻ ടൂറിസത്തിന്റെ ഭാഗമായിത്തന്നെ മുമ്പോട്ടുകൊണ്ടുപോകുന്നതിന് സാധ്യമായ എല്ലാ സഹായവും വകുപ്പിൽനിന്നും ഉണ്ടാകുന്നതാണ്.

<u>ശ്രീ. സജീവ് ജോസഫ്</u>: സർ, കണ്ണൂർ ജില്ലയിലെ പയ്യാവൂർ പഞ്ചായത്തിലെ ചമതച്ചാലിൽ പണി പൂർത്തീകരിച്ചിരിക്കുന്ന റെഗുലേറ്റർ-കം- ബ്രിഡ്ജിനോടനുബന്ധിച്ചുള്ള ജലസംഭരണി ഉൾപ്പെടുന്ന സ്ഥലം വളരെ മനോഹരമായ ഒരു ഭൂപ്രദേശമാണ്. ജലസംഭരണി ഉൾപ്പെടുന്ന പ്രസ്തുത സ്ഥലം ഉപയോഗപ്പെടുത്തിക്കൊണ്ട് ഉല്ലാസബോട്ടുകൾ ഉൾപ്പെടെയുള്ള ടൂറിസം പദ്ധതികൾ ആരംഭിക്കാൻ സാധിക്കുമോ; ഇതിനായി പ്രത്യേക പദ്ധതി ആവിഷ്കരിക്കുമോ?

<u>ശ്രീ. റോഷി അഗസ്റ്റിൻ</u>: സർ, എം.എൽ.എ. സൂചിപ്പിച്ചത് വളരെ

പ്രധാനപ്പെട്ട കാര്യമാണ്. ഞാൻ നേരത്തെ സൂചിപ്പിച്ചപോലെ പദ്ധതിയുമായി ബന്ധപ്പെട്ട് സാധ്യമാകുന്ന തലത്തിൽ പ്രയോജനപ്പെടുത്താൻ കഴിയുമെങ്കിൽ അത്തരം കാര്യങ്ങൾ ആലോചിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കാം. വിഷയം നിയമസഭയിൽ ഉന്നയിച്ചതിനാൽ പദ്ധതി സംബന്ധിച്ച സാധ്യതാ കാര്യങ്ങൾ മനസ്സിലാക്കുന്നതിനുവേണ്ടി എം.എൽ.എ.യുമായി ഒരു ആലോചനായോഗം വളരെ താമസിയാതെതന്നെ, അതായത് സഭാസമ്മേളന കാലയളവിൽത്തന്നെ നടത്തുന്നതാണ്.

## വന്യമൃഗങ്ങൾ ജനവാസ മേഖലകളിലേക്ക് കടക്കുന്നത് തടയാൻ നടപടി

(*65) ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യമൃഗങ്ങൾ ജനവാസ മേഖലകളിലേക്ക് കടന്നുവരുന്നതിന്റെ കാരണങ്ങൾ എന്തെല്ലാമാണെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) വനപ്രദേശങ്ങളിൽ വന്യമൃഗങ്ങൾക്കാവശ്യമായ ആഹാരവും

ജലവും ഉണ്ടെന്ന് ഉറപ്പുവരുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) വന്യമൃഗങ്ങളുടെ ആവാസവ്യവസ്ഥ ഉറപ്പാക്കി ജനവാസമേഖലകളിലേക്ക് അവ കടന്നുവരുന്നത് തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ,

(എ) പരിശോധിച്ചിട്ടുണ്ട്. വന്യമൃഗങ്ങൾ ജനവാസ മേഖലയിലേക്ക് കടന്നുവരുന്നതിന് വിവിധ കാരണങ്ങളാണുള്ളത്. വന്യമൃഗ ഇടനാഴികളുടെയും വനമേഖലയുടെയും ശിഥിലീകരണം, കാലാവസ്ഥാ വ്യതിയാനം, മാലിന്യ നിക്ഷേപം, കാട്ടുതീ, വനമേഖലകളിലെ അശാസ്ത്രീയമായ ടൂറിസം പ്രവർത്തനങ്ങൾ/റോഡ് നിർമ്മാണം തുടങ്ങിയവ, ജനസാന്ദ്രത, വനമേഖലകളിൽ ജലത്തിന്റെയും ആഹാരത്തിന്റെയും ലഭ്യതക്കുറവ്, തെറ്റായ ഭൂവിനിയോഗം, വനമേഖലയോട് ചേർന്നുകിടക്കുന്ന ഭൂപ്രദേശത്തെ കൃഷി രീതി, ഭൂപ്രദേശത്തിന്റെ കിടപ്പ്, കളകളുടെ ആധിക്യം, വന്യമൃഗങ്ങളെ ആകർഷിക്കാൻ ഭക്ഷണ പദാർത്ഥങ്ങൾ നൽകുന്നത്, വനമേഖലയോട് ചേർന്നുപ്രവർത്തിക്കുന്ന അനധികൃത ഫാമുകൾ, പരിപാലിക്കാത്ത തോട്ടങ്ങൾ തുടങ്ങി വിവിധ കാരണങ്ങളാലാണ്

വന്യമൃഗങ്ങൾ ജനവാസ മേഖലയിലേക്ക് കടന്നുവരുന്നത്.

(ബി) സ്വീകരിച്ചിട്ടുണ്ട്. വനപ്രദേശങ്ങളിൽ വന്യമൃഗങ്ങൾക്കാവശ്യമായ ആഹാരവും ജലവും ഉണ്ടെന്ന് ഉറപ്പുവരുത്താൻ വിവിധ നടപടികൾ വനം വകുപ്പ് ആവിഷ്കരിച്ച് സമയബന്ധിതമായി നടപ്പിലാക്കിവരുന്നുണ്ട്. വനമേഖലകളിൽ ജലലഭ്യത ഉറപ്പുവരുത്താനായി വിവിധയിടങ്ങളിലായി 1434 കുളങ്ങൾ/ചെറുഡാമുകളും, 574 വയലുകളും, വാട്ടർഹോൾസ് തുടങ്ങി 308 -ഓളം മറ്റിതര ജലസ്രോതസ്സുകളും നിർമ്മിച്ച് പരിപാലിച്ചുവരുന്നുണ്ട്.

വേനൽക്കാലത്ത് വന്യമൃഗങ്ങൾക്ക് ആവശ്യമായ ജല-ഭക്ഷണ ലഭ്യത വനത്തിനുള്ളിൽ തന്നെ സജ്ജീകരിക്കുന്നതിനുമായി 2025 ഫെബ്രുവരി 1-ാം തീയതി മുതൽ " മിഷൻ ഫുഡ്, ഫോഡർ & വാട്ടർ" എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്. വനത്തിനുള്ളിൽ ഭക്ഷണലഭ്യത ഉറപ്പ് വരുത്താൻ അധിനിവേശ സസ്യങ്ങളെ നിർമ്മാർജ്ജനം ചെയ്ത് ഫലവൃക്ഷങ്ങളുടെ വ്യാപനത്തെ പ്രോത്സാഹിപ്പിച്ച് തനത് വൃക്ഷങ്ങൾ നട്ടുവളർത്തുന്ന ഇക്കോ-റെസ്റ്റോറേഷൻ പദ്ധതി നബാർഡ് സ്കീമിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്നു. ആയതിൻപ്രകാരം ആകെ 1,583.85 ഹെക്ടർ അക്കേഷ്യ, മാഞ്ചിയം, യൂക്കാലിപ്റ്റസ്, തേക്ക് തുടങ്ങിയ ഏകവിള

തോട്ടങ്ങൾ സ്വാഭാവിക വനങ്ങളാക്കി മാറ്റിയിട്ടുണ്ട്. വയനാട് ജില്ലയിലെ അധിനിവേശ സസ്യമായ മഞ്ഞക്കൊന്ന നിർമ്മാർജനം ചെയ്യുന്നതിനുള്ള നടപടികളും പുരോഗമിച്ചുവരുന്നു. ഇതിനായി കേരള പേപ്പർ പ്രോഡക്റ്റിനെ ചുമതലപ്പെടുത്തിയിട്ടുള്ളതും നബാർഡ്, ആർ.കെ.ഡി.പി. ഫണ്ടുകളും ചില സന്നദ്ധ സംഘടനകളുടെ സേവനവും ഉപയോഗിച്ചുവരുന്നു.

വന്യമൃഗങ്ങൾക്ക് ആവശ്യമായ ഭക്ഷണ ലഭ്യത ഉറപ്പ് വരുത്തുന്നതിലേക്കായി വനമേഖലകളിൽ പ്രത്യേകിച്ച് സംരക്ഷിത മേഖലകളിൽ പുതിയ പുല്ല് മുളപ്പിക്കുന്നതിലേക്കായി അനുയോജ്യ സാഹചര്യങ്ങളിൽ Control Burning നടത്തിവരുന്നുണ്ട്.

വയനാട് ജില്ലയിലെ വിവിധ ഡിവിഷനുകളിലും പറമ്പിക്കുളം ടൈഗർ റിസർവിലുമുള്ള വയലുകളുടെ പരിപാലനത്തിനും പുനഃസ്ഥാപനത്തിനുമായി നബാർഡ്‌വഴി ലഭിച്ച 25 കോടി രൂപയുടെ പ്രവൃത്തികൾ വിവിധ ലാൻഡ് സ്കേപ്പുകളിൽ പുരോഗമിച്ചുവരുന്നു.

(സി) വന്യമൃഗങ്ങൾ ജനവാസ മേഖലയിലേക്ക് കടന്നുവരുന്നത് തടയുന്നതിലേക്കായി വനപ്രദേശങ്ങളിൽ വന്യമൃഗങ്ങൾക്ക് ആവശ്യമായ ആഹാരവും ജലവും ഉറപ്പ് വരുത്തുന്നതിലേക്ക് മുകളിൽ പ്രതിപാദിച്ച

പ്രകാരമുള്ള പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ഇതിലുപരിയായി വന്യമൃഗങ്ങൾ ജനവാസ മേഖലയിലേക്ക് കടക്കുന്നത് തടയുന്നതിലേക്കായി താഴെപ്പറയുന്ന പ്രവൃത്തികൾ ചെയ്തിട്ടുണ്ട്.

1. " മിഷൻ സോളാർ ഫെൻസിങ് 2024" - നിലവിൽ നിർമ്മിച്ചിരുന്ന സോളാർ ഫെൻസിങുകൾ പ്രവർത്തനക്ഷമമാക്കുന്നതിലേക്കായി " മിഷൻ സോളാർ ഫെൻസിങ് 2024" എന്ന കർമ്മ പദ്ധതി നടപ്പിലാക്കുകയുണ്ടായി. ടി പദ്ധതി പ്രകാരം 2024-25 വർഷത്തിൽ 848 കി.മീ. സോളാർ ഫെൻസിങ് അറ്റകുറ്റപ്പണികൾ ചെയ്ത് പ്രവർത്തനയോഗ്യമാക്കി.

2. വന്യജീവികൾ നാട്ടിലേക്ക് കടക്കുന്നത് പ്രതിരോധിക്കുന്നതിലേക്കായി 120.37 കി.മീ സോളാർ ഹാങിങ് ഫെൻസിങും 10 കി.മീ. റെയിൽ ഫെൻസിങും 0.11 കി.മീ. അയൺ ഫെൻസിങും വിവിധ വനമേഖലകളിൽ നിർമ്മിച്ചിട്ടുള്ളതാകുന്നു.

3. പ്രതിരോധ നിർമ്മിതിയായ ആനക്കിടങ്ങ് (Elephant Proof Trench) 69.07 കി.മീ. ദൈർഘ്യത്തിലും 1.92 കി.മീ. ദൈർഘ്യത്തിൽ എലിഫന്റ് പ്രൂഫ് വാൾ-ഉം 1.58 കി.മീ. ദൈർഘ്യത്തിൽ സ്റ്റോൺ വാളും 2.09 കി.മീ.

ദൈർഘ്യത്തിൽ ബൗണ്ടറി വാൾ/കയ്യാലയും വന്യജീവികൾ നാട്ടിലേക്ക് കടക്കുന്നത് തടയുന്നതിന് നിർമ്മിച്ചിട്ടുള്ളതാണ്.

4. വന്യമൃഗങ്ങൾ മനുഷ്യവാസ കേന്ദ്രത്തിലേക്ക് കടക്കുന്നത് പരമാവധി തടയാൻ നബാർഡ് ട്രാഞ്ചെ XXVII ൽ 101.50 കിലോമീറ്റർ സോളാർ വേലി നിർമ്മിക്കുന്നതിനായി ലഭിച്ച 586.11 ലക്ഷം രൂപയുടേയും ട്രാഞ്ചെ XXIX-ൽ വിവിധ പ്രതിരോധ നിർമ്മിതികൾക്കായി ലഭിച്ച 6203.02 ലക്ഷം രൂപയുടേയും പ്രവൃത്തികൾ നിർമ്മാണ പുരോഗതിയിലാണ്.

5. മനുഷ്യ-വന്യജീവി സംഘർഷ സാധ്യതയുള്ള പ്രദേശങ്ങൾ കേന്ദ്രീകരിച്ച് സ്റ്റാഫുകൾ നിരന്തര പട്രോളിങ്ങും പരിശോധനയും ശക്തമാക്കിയിട്ടുള്ളതും രാത്രികാല പട്രോളിങ്ങും അന്തർ സംസ്ഥാന കോ-ഓഡിനേഷൻ കമ്മിറ്റിയുടെ തീരുമാനപ്രകാരം അതിർത്തി പ്രദേശങ്ങളിൽ ജോയിന്റ് പട്രോളിങ്ങും നടത്തുന്നുണ്ട്.

6. വന്യജീവി സംഘർഷ നിവാരണത്തിനായി പുതുതായി രൂപീകരിച്ചിട്ടുള്ള 9 RRT -കൾ അടക്കം സംസ്ഥാനത്ത് ഉടനീളം 28 RRT-കളെ വിന്യസിച്ചിട്ടുണ്ട്. രാത്രികാല പട്രോളിങ് ശക്തിപ്പെടുത്തിയും നാട്ടിലിറങ്ങുന്ന മൃഗങ്ങളെ സുരക്ഷിതമായി കാട്ടിലേക്ക് തിരികെ വിടുന്നതിനും ആർ.ആർ.റ്റി.-

കൾ മുൻകൈയെടുത്ത് പ്രവർത്തിച്ചുവരുന്നു.

7. സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന RRT-കൾക്ക് സുരക്ഷാ ഉപകരണങ്ങൾ സംഭരിക്കൽ, ആയുധം ലഭ്യമാക്കൽ, ആധുനിക ഉപകരണങ്ങൾ ഉൾപ്പെടയുള്ള ടൂൾ റൂമുകൾ സജ്ജീകരിക്കൽ, മികച്ച പരിശീലനം പ്രദാനം ചെയ്യൽ എന്നിങ്ങനെ വിവിധോന്മുഖമായ പ്രവൃത്തികൾക്ക് തയ്യാറാക്കിയ 3 കോടി രൂപയുടെ പദ്ധതി സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ പരിഗണനയിലാണ്.

8. വനത്തിനകത്ത് ചെക്ക് ഡാമുകൾ, വാച്ച് ടവറുകൾ എന്നിവ നിർമ്മിക്കുക, ജനവാസ മേഖലകളിൽ സൗരോർജ്ജ വിളക്കുകളും ഹൈമാസ്റ്റ് ലൈറ്റുകളും സ്ഥാപിക്കുക, തെർമൽ സെൻസർ ഡ്രോണുകളും, AI ക്യാമറകൾ, റേഡിയോകോളറുകൾ എന്നിവ വാങ്ങുന്നതിനും മറ്റുമായി കിഫ്ബി മുഖേന 110 കോടി രൂപ അനുവദിച്ച് ഭരണാനുമതി നൽകിയിട്ടുണ്ട്.

9. കേരളത്തിലെ നാടൻ കുരങ്ങുകളെ നിയമാനുസൃതം നിയന്ത്രിക്കുന്നതിന് അവയെ കേന്ദ്ര വന്യജീവി (സംരക്ഷണ) നിയമത്തിന്റെ ഷെഡ്യൂൾ 1 -ൽ നിന്നും ഷെഡ്യൂൾ 2-ലേക്ക് മാറ്റുന്നതിനുള്ള ശിപാർശ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഇവയുടെ വംശവർധനവ് നിയന്ത്രിക്കുന്നതിനായി ജനന

നിയന്ത്രണം ഉൾപ്പെടെയുള്ള കർമ്മപദ്ധതി തയ്യാറാക്കിവരികയാണ്.

10. ജനവാസമേഖലകളിൽ അപകടമുണ്ടാക്കുന്ന കാട്ടുപന്നികളെ ഉപാധികളോടെ കൊന്ന് ഇല്ലായ്മ ചെയ്യുന്നതിനായിട്ടുള്ള കാലാവധി 25-02-2024-ലെ സ.ഉ.(കൈ) നം. 9/2024/വനം പ്രകാരം 28-05-2024 മുതൽ ഒരു വർഷത്തേക്കുകൂടി ദീർഘിപ്പിച്ചിട്ടുണ്ട്. ടി പന്നികളെ ഇല്ലായ്മ ചെയ്യുന്ന ഉത്തരവ് നൽകുന്നതിനുള്ള അധികാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അദ്ധ്യക്ഷന്മാരെ ഓണററി വൈൽഡ്ലൈഫ് വാർഡനായി ചുമതലപ്പെടുത്തിയും സെക്രട്ടറിമാരെ അധികാരപ്പെട്ട ഓഫീസറായി ചുമതലപ്പെടുത്തിയിട്ടുണ്ട്. ജനവാസ മേഖലകളിൽ മനുഷ്യന്റെ ജീവനും സ്വത്തിനും അപകടകാരികളായ കാട്ടുപന്നികളെ ഉപാധികളോടെ കൊന്നുഇല്ലായ്മ ചെയ്യുന്നതിന് ഡിവിഷൻ, സർക്കിൾ തലങ്ങളിൽ അംഗീകൃത ഷൂട്ടർമാരുടെ പാനൽ തയ്യാറാക്കിയിട്ടുണ്ട്.

11. പാമ്പുകൾ മൂലമുള്ള അപകടം ഒഴിവാക്കുന്നതിന് “ സർപ്പ’ ' എന്ന മൊബൈൽ ആപ്ലിക്കേഷനും സർപ്പയിൽനിന്നും ലഭിക്കുന്ന റിപ്പോർട്ടുകൾ അടിസ്ഥാനമാക്കി ഉടനടി സ്ഥലത്തെത്തി അപകടസാധ്യത ഒഴിവാക്കുന്നതിന് പരിശീലനം ലഭിച്ച സന്നദ്ധ സേവകരുടെ സംഘവും

നിലവിലുണ്ട്. ടി പ്രോഗ്രാം പ്രകാരം 2024 വർഷത്തിൽ 16453 പാമ്പുകളെ റസ്ക്യൂ ചെയ്തിട്ടുള്ളതാകുന്നു.

12. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രതിനിധികൾ, ബന്ധപ്പെട്ട മറ്റു വകുപ്പുകളുടെ പ്രതിനിധികൾ, VSS/EDC അംഗങ്ങൾ, കർഷകർ ഉൾപ്പെടെയുള്ള പൊതുജനങ്ങൾ എന്നിവരടങ്ങുന്ന 280 ജനജാഗ്രതാ സമിതികൾ രൂപീകരിച്ച് മനുഷ്യ-വന്യജീവി സംഘർഷത്തെ നേരിടുന്നതിലേക്ക് പ്രവർത്തിച്ചുവരുന്നുണ്ട്.

13. ജനവാസ മേഖലയോടു ചേർന്നുള്ള വനപ്രദേശങ്ങളിൽ അടിക്കാടുകൾ വെട്ടിമാറ്റി (വിസ്ത ക്ലിയറൻസ്) സഞ്ചാരപാത വ്യക്തമാക്കാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

14. ജനവാസമേഖലയിലേക്ക് പ്രവേശിക്കുന്ന കാട്ടാനകളെ ശബ്ദവും വെളിച്ചവും ഉണ്ടാക്കി കാട്ടിലേക്ക് തിരികെ വിടുന്നതിന് ആധുനിക അനിഡേർസ് അലാറം സിസ്റ്റം പ്രയോജനപ്പെടുത്തിവരുന്നു. ആധുനിക സാങ്കേതിക വിദ്യയിലധിഷ്ഠിതമായ ഡിജിറ്റൽ (സെൻസർ) വാളുകൾ, ക്യാമറ ട്രാപ്പ്, ആനിമൽ ഇൻട്രൂഷൻ അലർട്ട് സിസ്റ്റം തുടങ്ങിയവയും മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിന് ഉപയോഗപ്പെടുത്തിവരുന്നു.

15. സന്നദ്ധ പുനരധിവാസ പദ്ധതിയായ നവകിരണം പദ്ധതി പ്രകാരം 818 അർഹതപ്പെട്ട കുടുംബങ്ങൾക്ക് പാക്കേജ് പ്രകാരമുള്ള തുക നൽകി മനുഷ്യ-വന്യജീവി സംഘർഷം കുറയ്ക്കുന്നതിലേക്കായി വനാന്തരങ്ങളിൽനിന്ന് മാറിതാമസിക്കുവാനുള്ള സാഹചര്യം ഒരുക്കിയിട്ടുണ്ട്.

16. വന്യജീവി സംഘർഷബാധിതർക്ക് നൽകുന്ന നഷ്ടപരിഹാര രീതി പരിഷ്കരിക്കുന്നതിനായി തയ്യാറാക്കിയ പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

17. കേരളത്തിലെ വന്യജീവി സംഘർഷം ബന്ധപ്പെട്ട മറ്റ് വകുപ്പുകളുടെ സഹകരണത്തോടുകൂടി കൈകാര്യം ചെയ്യുന്നത് ലക്ഷ്യമിട്ട് വന്യജീവി സംഘർഷത്തെ " സംസ്ഥാന സവിശേഷ ദുരന്തമായി" പ്രഖ്യാപിക്കുകയുണ്ടായി. വന്യജീവി സംഘർഷ പ്രതിരോധ പ്രവർത്തനങ്ങൾ വിവിധ സർക്കാർ വകുപ്പുകളുടെ കൂട്ടുത്തരവാദിത്വത്തോടെ ത്വരിതഗതിയിൽ നടപ്പാക്കുക എന്ന് ലക്ഷ്യമിട്ട് ഓരോ വകുപ്പും നിറവേറ്റേണ്ട ചുമതലകൾ വ്യക്തമാക്കുന്ന പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

18. ഏതെങ്കിലും മേഖലയിൽ വന്യമൃഗത്തിന്റെ സാന്നിധ്യം ശ്രദ്ധയിൽപ്പെട്ടാൽ തദ്ദേശവാസികളെ ജാഗരൂകരാക്കുന്നതിലേക്കായി ഏർളി

വാർണിംഗ് സിസ്റ്റം, എസ്.എം.എസ് അലർട്ട് സിസ്റ്റം തുടങ്ങിയ സാങ്കേതിക വിദ്യകൾ ഫലപ്രദമായി ഉപയോഗിച്ചുവരുന്നു.

19. വനപ്രദേശങ്ങളോട് ചേർന്നുകിടക്കുന്ന സ്വകാര്യ എസ്റ്റേറ്റുകൾ, തോട്ടങ്ങൾ എന്നിവയുടെ ഉടമസ്ഥർ ടി സ്ഥലങ്ങളിലെ കളകളും, കുറ്റിക്കാടുകളും നീക്കംചെയ്യുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

20. സ്വകാര്യ റിസോർട്ടുകളിൽ വന്യമൃഗങ്ങളെ ആകർഷിക്കുന്ന പ്രവണത ഇല്ലാതാക്കുന്നതിനുള്ള നിർദേശം നൽകുകയും ബോധവൽക്കരണം നടത്തുകയും ചെയ്തിട്ടുണ്ട്. ആവശ്യമായ ലൈറ്റ് സംവിധാനം ഏർപ്പെടുത്തുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

21. ജനവാസമേഖലകളിലും വിനോദസഞ്ചാര മേഖലകളിലും അപകട മുന്നറിയിപ്പ് നൽകുന്നതിനായി ബോർഡുകൾ സ്ഥാപിച്ചിട്ടുള്ളതാണ്.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, മന്ത്രി സ്ഥിരമായി സഭയിൽ പറയുന്ന മറുപടികൾതന്നെയാണ് ഇപ്പോഴും പറഞ്ഞിരിക്കുന്നത്. കേരളത്തിലെ വന്യജീവി ആക്രമണത്തിന്റെ ഇന്നത്തെ അവസ്ഥ എത്ര ഭീതിതമാണെന്ന കാര്യം ഞങ്ങൾ പ്രത്യേകം പറയേണ്ടതില്ലല്ലോ? ഓരോ ദിവസവും കേരളത്തിൽ വന്യജീവി ആക്രമണമുണ്ടാകുന്നു, ആളുകൾ കൊല്ലപ്പെടുന്നു,

വനം വകുപ്പാണെങ്കിൽ ഇതുപോലെ പദ്ധതികളുണ്ടെന്ന് പറഞ്ഞിരിക്കുകയും ചെയ്യുന്നു. അവസാനമായി വയനാട്ടിൽ തോട്ടംതൊഴിലാളിയായ ഒരു സഹോദരിയെ കടുവ ജീവനോടെ കടിച്ചുവലിച്ചുകൊണ്ടുപോയി ഭക്ഷിച്ചു, അത്തരത്തിലുള്ള വളരെ പ്രയാസകരമായഒരു രംഗവും നമ്മൾ കാണേണ്ടിവന്നു.

മി. സ്പീക്കർ: ചോദ്യത്തിലേക്ക് വരൂ... അങ്ങയുടെ പാർട്ടിയിൽപ്പെട്ട അംഗങ്ങൾക്ക് സംസാരിക്കാനുള്ള അവസരം നഷ്ടപ്പെടും, മറ്റ് പ്രശ്നങ്ങളൊന്നുമില്ല.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഒറ്റ ചോദ്യം മാത്രമേയുള്ളൂ, കടുവയുടെ സാന്നിധ്യം കണ്ടെത്താൻ വനം വകുപ്പിന് എന്തുകൊണ്ട് കഴിഞ്ഞില്ല? ഒരു പ്രദേശത്ത് വന്യമൃഗങ്ങളുടെ സാന്നിധ്യമുണ്ടെങ്കിൽ അത് കണ്ടെത്താനുള്ള ക്യാമറ ഇപ്പോൾ വനം വകുപ്പിന്റെ കൈവശമുണ്ട്. തോട്ടംതൊഴിലാളികൾ പോകുന്ന സ്ഥലമായതിനാൽ പോകുന്നതിനുമുമ്പുതന്നെ കടുവയുടെ സാന്നിധ്യത്തെക്കുറിച്ചുള്ള അറിയിപ്പ് നൽകാമായിരുന്നു. ഇക്കാര്യത്തിൽ വീഴ്ച സംഭവിച്ചത് ആർക്കാണ്; അത് ഏതുതരത്തിലുള്ള വീഴ്ചയാണ്; കടുവയുടെ സാന്നിധ്യം കണ്ടെത്താൻ കഴിയാതെ പോയത്

എന്തുകൊണ്ടാണ്?

മി. സ്പീക്കർ: കടുവയുടെ സാന്നിധ്യം എന്തുകൊണ്ട് കണ്ടെത്താൻ കഴിഞ്ഞില്ല?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ആ ചോദ്യത്തിനുമാത്രം ഉത്തരം പറഞ്ഞാൽ മതിയാകുമല്ലോ?

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഇതെന്താണ്, .....(മൈക്ക് ഓഫ്)....

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, അങ്ങയോടോ അങ്ങയുടെ ചോദ്യത്തോടോ ഉള്ള മറുപടിയല്ല, ബഹുമാനപ്പെട്ട സ്പീക്കർ പറഞ്ഞപ്പോൾ അതിനനുബന്ധിച്ച് പറഞ്ഞതാണ്.

ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച വിഷയം വളരെ നിസ്സാരമായി ഗവൺമെന്റ് കാണുന്നുവെന്ന പരാമർശം ഖേദകരമാണ്. ക്യാമറകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും വന്യമൃഗങ്ങൾ ക്യാമറകളുടെ നിരീക്ഷണ ഏരിയയിൽ വരുമ്പോൾ മാത്രമെ ക്യാമറയിൽപ്പെടുകയുള്ളൂ. കാടിനെ മൊത്തമായി ക്യാമറാ നിരീക്ഷണത്തിൽപ്പെടുത്താൻ സാധിക്കില്ല. ക്യാമറ സ്ഥാപിച്ചതിന് കീഴിലുള്ള സ്ഥലങ്ങളിൽ പച്ചപ്പുണ്ടാകും. ഇത്തരം വന്യമൃഗങ്ങൾ വന്നുചേരുന്നത് വനത്തിൽ മരങ്ങൾക്കുതാഴെ

ചെറുകാടുകളുടെയും പച്ചപ്പുകളുടെയും ഇടയിലാണ്. മിക്കവാറും ക്യാമറകളിലൂടെ കാണുന്നത് പുൽപ്പരപ്പുകളാണ്, അത് കേരളത്തിലെ വനമേഖലയുടെയും ഭൂപ്രദേശത്തിന്റെയും സവിശേഷതയാണ്. ഉൾക്കാട്ടുകളിലേക്കുകൂടി നിരീക്ഷണം നടത്താൻ സാധിക്കണമെങ്കിൽ മനുഷ്യശേഷികൂടി ഉപയോഗപ്പെടുത്തേണ്ടതുണ്ട്. അത്തരം കാര്യങ്ങളിൽ ഫലപ്രദമായ നടപടി സ്വീകരിക്കുമെന്ന് ഞാൻ അങ്ങേയ്ക്ക് ഉറപ്പുനൽകുന്നു.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, പലപ്പോഴും ഇത്തരം വന്യജീവികളെ കണ്ടാൽ വെടിവയ്ക്കാൻ വനം വകുപ്പ് അനുമതി നൽകാറില്ല, അതിനായി വിവിധ കമ്മിറ്റികൾ ചേരേണ്ടതുണ്ടെന്നാണ് സാധാരണയായി പറഞ്ഞുവരുന്നത്. എന്നാൽ വയനാട് സംഭവത്തിൽ പ്രതിഷേധമുണ്ടായപ്പോൾ ബഹുമാനപ്പെട്ട വകുപ്പുമന്ത്രി വെടിവയ്ക്കുന്നതിന് ഉത്തരവിട്ടു, അങ്ങനെ ചെയ്തത് വളരെ നല്ല കാര്യമാണ്. എന്നാൽ വെടിവയ്ക്കേണ്ടിവന്നില്ല, അവസാനം കടുവയെ ചത്തനിലയിലാണ് കണ്ടെത്തിയത്. ഇത്തരത്തിൽ വെടിവയ്ക്കാനുള്ള ഉത്തരവ് നൽകാൻ കഴിയുമായിരുന്നെങ്കിൽ ആനയുൾപ്പെടെ ആക്രമണകാരികളായ മൃഗങ്ങളെ കേരളത്തിൽ പല സ്ഥലങ്ങളിലും കാണുമ്പോൾ വെടിവയ്ക്കാനുള്ള

ഉത്തരവിനായി വളരെയധികം കഷ്ടപ്പെടേണ്ടിവരില്ലല്ലോ, ആക്രമണകാരികളായ വന്യജീവികളെ എവിടെക്കണ്ടാലും വെടിവയ്ക്കുന്നതിന് വയനാട് മോഡൽ ഉത്തരവ് വനംവകുപ്പിന് നൽകുമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, അങ്ങയെപ്പോലെ പരിചയമുള്ള ഒരു അംഗം ഇങ്ങനെ ചോദിക്കുന്നത് വളരെ കഷ്ടമാണ്. വെടിവയ്ക്കാനുള്ള നടപടികളിൽ നേരത്തെ കാലതാമസം നേരിട്ടിരുന്നു, അതിന് കാരണമായിട്ടുള്ളത് പലതരത്തിലുള്ള നിയമങ്ങളാണ്. പക്ഷേ ഇപ്പോൾ 6 മാസത്തിനിടയ്ക്ക് പ്രസ്തുത വിഷയത്തിൽ കാലതാമസമുണ്ടായ ഏതെങ്കിലും സംഭവം ചൂണ്ടിക്കാണിച്ചാൽ അത്തരം കാലതാമസത്തിന് ഉത്തരവാദികളായവർക്കെതിരെ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. കെ. പി. എ. മജീദ്: സർ, വന്യമൃഗ ഭീഷണി നേരിടുന്ന പ്രദേശങ്ങൾ ഏതൊക്കെയാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; ഇത്തരം ഭീഷണികൾ തടയുന്നതിനായി ഫെൻസിങ് ഉൾപ്പെടെയുള്ള പരിപാടികൾക്കാവശ്യമായ ഫണ്ട് വനം വകുപ്പിന്റെ കൈവശമുണ്ടോ; ഇത്തരം കാര്യങ്ങൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് പറയാമോ?

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, വന്യജീവികളുടെ ആക്രമണം തടയുന്നതിനാവശ്യായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നുണ്ട്. അത്തരം ആക്രമണങ്ങൾ എന്നത്തേക്ക് പൂർണ്ണമായി തടയപ്പെടുമെന്ന ചോദ്യത്തിന് കൃത്യമായ ഒരു മറുപടി എന്റെ കൈവശമില്ല, എന്നാൽ അതിനുള്ള ശ്രമങ്ങൾ നടക്കുന്നുണ്ട്. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച കാര്യത്തിന് ധനകാര്യ വകുപ്പുമന്ത്രി ഇത്തവണ അവതരിപ്പിച്ച ബജറ്റിൽ ആവശ്യമായ തുക അനുവദിച്ചിട്ടുണ്ട്. ഇതനുപുറമേ നബാർഡിന്റെയും കേന്ദ്ര കൃഷി വികാസ് യോജനയുടെയും അടിസ്ഥാനത്തിൽ, കൃഷി വകുപ്പുമായി ആലോചിച്ച് ഇത്തരം കാര്യങ്ങൾ യുദ്ധകാലാടിസ്ഥാനത്തിൽ നടപ്പിലാക്കും. ഈ പദ്ധതികളെല്ലാം ഒന്നര വർഷത്തിനുള്ളിൽ പൂർത്തീകരിക്കും.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, വന്യമൃഗങ്ങളുടെ ശല്യം ധാരാളമുള്ള ജില്ലയാണ് കാസർഗോഡ്. കേരളത്തിൽ ഫോറസ്റ്റ് സ്റ്റേഷൻ ഇല്ലാത്ത ഏകജില്ലയും കാസർഗോഡാണ്, ജില്ലയിൽ ഫോറസ്റ്റ് ഓഫീസ് സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, ഫോറസ്റ്റ് സ്റ്റേഷനുകളുടെയും

ആവശ്യമായ മാൻപവറിന്റെയും അപര്യാപ്തതയുണ്ടെന്ന കാര്യം ശരിയാണ്. ഇരുപത് ഫോറസ്റ്റ് സ്റ്റേഷനെങ്കിലും അടിയന്തിരമായി സ്ഥാപിക്കണമെന്ന പ്രൊപ്പോസൽ ധനവകുപ്പിന്റെ പരിഗണനയിലേക്ക് അയച്ചിട്ടുണ്ട്. സഭയുടെ വികാരം മാനിച്ച് അതിൽ പത്തെണ്ണമെങ്കിലും അനുവദിച്ചുതന്നാൽ മാത്രമെ ഇത്തരം കാര്യങ്ങൾ ഉണ്ടാകുകയുള്ളൂ. അങ്ങനെ അനുവദിക്കുന്ന ഘട്ടംവരുമ്പോൾ, ഞാൻ നേരത്തേ സഭയിൽ ഉറപ്പ് നൽകിയതുപോലെ, ആദ്യത്തെ പരിഗണന കാസർഗോഡ് ജില്ലയ്ക്ക് ആയിരിക്കും.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: വയനാട് ജില്ലയിൽ മനു എന്ന വ്യക്തിയെ ആന കൊന്നതായി ഇന്ന് സഭയിലേയ്ക്ക് വരുന്ന സമയത്തും വാർത്ത വന്നതായി അറിയാൻ കഴിഞ്ഞിട്ടുണ്ട്, അതുമാത്രമല്ല, മരിച്ച വ്യക്തിയുടെ ഭാര്യയെ കാണാതായിട്ടുമുണ്ട്, അവരെ തെരഞ്ഞുകൊണ്ടിരിക്കുകയാണ്. വന്യ ജീവികൾ മനുഷ്യരെ കൊല്ലുക മാത്രമല്ല ചെയ്യുന്നത്, വ്യാപകമായ കൃഷിനാശം ഉണ്ടാക്കുന്നുമുണ്ട്. നമ്മുടെ നാട്ടിൻപുറത്തുപോലും പന്നികൾ വന്നുകയറുന്നു, കുരങ്ങന്മാർ തെങ്ങുകളിലെ തേങ്ങ നശിപ്പിക്കുന്നു, ഇത്തരത്തിൽ വ്യാപകമായ കൃഷിനാശം സംഭവിച്ചുകൊണ്ടിരിക്കുകയാണ്. ഇത്തരം വിഷങ്ങളിൽ ശാസ്ത്രീയമായി ഏത് തരത്തിലുള്ള പരിഹാരമാണ്

ചെയ്യാൻ പോകുന്നത്?

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, നിരവധി കാരണങ്ങളുണ്ടെന്ന് ഞാൻ നേരത്തെ സൂചിപ്പിച്ചിരുന്നു. അങ്ങുതന്നെ ഇവിടെ വ്യക്തമാക്കിയത് ഉൾക്കാടിനകത്തേയ്ക്ക് പോയപ്പോൾ കാണാതായവരുടെ പ്രശ്നമാണ്. കാട്ടിനകത്തേയ്ക്ക് പോകുമ്പോൾ എന്തുതരത്തിലായിരിക്കുമെന്ന് അങ്ങേയ്ക്കറിയാമല്ലോ, ഞാൻ അക്കാര്യത്തിലേക്ക് കടക്കുന്നില്ല. അങ്ങനെ സംഭവിച്ചെങ്കിലും അതിലെ ശരിതെറ്റുകൾ നോക്കാതെ, സർക്കാർ നൽകേണ്ട എല്ലാ ആനുകൂല്യങ്ങളും നൽകണമെന്നുള്ള നിർദ്ദേശമാണ് ഇന്ന് നൽകിയിട്ടുള്ളത്.

(ചോദ്യോത്തര സമയം കഴിഞ്ഞു.)